
# അന്നമനട ഗ്രാമപഞ്ചായത്ത്

# പദ്ധതിരേഖ 2025-26




**പതിനാലാം പഞ്ചവത്സര പദ്ധതി**



വിവിധ വികസന മേഖലകളിൽ പഞ്ചായത്ത് നാളിതുവരെ കഠിന പ്രയത്നത്തിലൂടെ നേടിയതെല്ലാം നിലനിർത്തുന്നതിനായി ശ്രദ്ധാപൂർവ്വമുള്ള പഠനത്തിൽ അധിഷ്ഠിതമായ കൃത്യമായ ന്യൂനപക്ഷരാഷ്ട്രീയ ബോധത്തോടുകൂടിയ ഇടപെടലുകളുടെ നേതൃത്വസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് വർത്തിച്ചുകൊണ്ട് ജനാധിപത്യത്തിന്റെ ആഴം കൂട്ടിയാണ് പ്രവർത്തിച്ചുപോരുന്നത്. സാമൂഹിക ശാസ്ത്രഞ്ജർ പറയുന്നത് അനുസരിച്ച് ഒരു സമൂഹത്തിന്റെ വളർച്ചയുടെ തോത് അറിയുവാൻ അതിലെ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വത്തിന്റെ തോത് നോക്കിയാൽ മതിയെന്നാണ്. അപ്രകാരം നോക്കുമ്പോൾ അന്നമനട ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന്റെ തോത് ഉയർന്നതാണ് എന്നതിന്റെ പ്രത്യക്ഷ തെളിവുകളാണ് ഇവിടത്തെ കുടുംബശ്രീ യൂണിറ്റുകളിലൂടെ, തൊഴിലുറപ്പ് പദ്ധതികളിലൂടെ, അങ്കണവാടികളിലൂടെ, വിജയഭേരി പരിപാടിയുടെ വിവിധ ഘട്ടങ്ങളിലായി സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, സാമ്പത്തിക സുരക്ഷയുടെ തോത് ഉയർത്തുന്നതിലും, കുട്ടികളുടെ ആരോഗ്യപരിപാലനം, സാമൂഹിക വത്ക്കരണം എന്നിവ ഉറപ്പാക്കുന്നതോടൊപ്പം പട്ടികജാതിക്കാർ വയോജനങ്ങൾ എന്നീ താരതമ്യേന കൂടുതൽ പാർശ്വവത്കൃതരായ വിഭാഗങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിലും അന്നമനട ഗ്രാമപഞ്ചായത്ത് കഴിഞ്ഞ ഒന്നര ദശാബ്ദത്തിലെ നിസ്വാർത്ഥമായ പ്രവർത്തനം കൊണ്ട് വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലെ തൊഴിലാളികൾ, വ്യവസായികൾ, പഞ്ചായത്ത് രാജ് ശാക്തീകരണം നടത്തുന്നതിനു മുമ്പേ തന്നെ ഏറെ ദൃശ്യതയും സ്വാധീനവും നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ള സർക്കാർ ജീവനക്കാർ, സ്വകാര്യ സ്ഥാപന ജീവനക്കാർ വ്യാപാരികൾ കർഷക തൊഴിലാളികൾ, എന്നിങ്ങനെ വിവിധ ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഭദ്രത കൂടുതൽ സുസ്ഥിരമാക്കാനും ഗ്രാമപഞ്ചായത്തിന്റെ ക്രിയാത്മകവും കക്ഷിരാഷ്ട്രീയാതീതവുമായ ഇടപെടൽ കൊണ്ട് കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൌകര്യങ്ങളുടെ വികസനത്തിൽ അടിസ്ഥാനവർഷങ്ങളുടെ അടിയന്തിരവശ്യങ്ങൾക്ക് ഊന്നൽ നൽകിയും ജനപങ്കാളിത്വത്തോടെ ജനങ്ങൾക്ക് വേണ്ടി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രസാദാത്മക സഹകരണത്തോടെ മുന്നേറാൻ ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. കേവലമായ ജനാധിപത്യത്തിൽ നിന്ന് പ്രാതിനിധ്യ ജനാധിപത്യത്തിലൂടെ പങ്കാളിത്ത ജനാധിപത്യത്തിൽ എത്തിനിൽക്കുന്ന അന്നമനട ഗ്രാമപഞ്ചായത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതിരേഖ ജനങ്ങൾക്കു മുമ്പാകെ സമർപ്പിക്കുകയാണ്.

ശ്രീ. പി വി വിനോദ്

പ്രസിഡന്റ്

അന്നമനട ഗ്രാമപഞ്ചായത്ത്

# അന്നമനട ഗ്രാമപഞ്ചായത്ത് ഭരണസമിതി



ശ്രീ. പി.വി. വിനോദ്
പ്രസിഡന്റ്




ശ്രീമതി സിന്ധു ജയൻ
വൈസ് പ്രസിഡന്റ്



ശ്രീമതി മഞ്ജു സതീശൻ
ചെയർപേഴ്സൺ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീ. ടി.കെ. സതീശൻ
ചെയർമാൻ
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീ. കെ.എ. ഇക്ബാൽ
ചെയർമാൻ
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീമതി ലളിത ദിവാകരൻ
വാർഡ് 1



ശ്രീമതി ആനി ആന്റു
വാർഡ് 2



ശ്രീമതി സുനിത സജീവൻ
വാർഡ് 3



ശ്രീ. കെ.കെ. രവി നമ്പൂതിരി
വാർഡ് 4



ശ്രീമതി ഷീജ നസീർ
വാർഡ് 5



ശ്രീമതി മോളി വർഗ്ഗീസ്
വാർഡ് 7



ശ്രീ. എം.യു. കൃഷ്ണകുമാർ
വാർഡ് 8



ശ്രീമതി ജോബി ശിവൻ
വാർഡ് 9



ശ്രീ. കെ.എ. ബൈജു
വാർഡ് 11



ശ്രീ. ടി.പി. സുരേഷ് കുമാർ
വാർഡ് 13



ശ്രീ. ഡേവീസ് കുര്യൻ
വാർഡ് 14



ശ്രീമതി ടെസ്സി ടൈറ്റസ്
വാർഡ് 15



ശ്രീ. ഷിജു. സി.കെ.
വാർഡ് 16

# ആസൂത്രണസമിതി അംഗങ്ങൾ



പി വി വിനോദ്
പ്രസിഡന്റ്(അദ്ധ്യക്ഷൻ)



ടി വി ഭാസ്കരൻ
(ഉപാദ്ധ്യക്ഷൻ)



ഉഷാദേവി കെ എസ്
സെക്രട്ടറി(കൺവീനർ)



സിന്ധു ജയൻ
(ചെയർപേഴ്സൺ)



മഞ്ജു സതീശൻ
(ചെയർപേഴ്സൺ)



ടി കെ സതീശൻ
(ചെയർമാൻ)



കെ.എ.ഇക്ബാൽ
(ചെയർമാൻ)



എം കെ ഹക്ക്
(മെമ്പർ)



പി ഡി ജോസ്
(മെമ്പർ)



പി.ജി.സുബ്രഹ്മണ്യൻ
(മെമ്പർ)



പി ബി അശോകൻ

(മെമ്പർ)



പി എ അസീസ്

(മെമ്പർ)



പി കെ തിലകൻ

(മെമ്പർ)

# ഉള്ളടക്കം


| ക്രമ നം | വിഷയം | പേജ് നം. |
|---|---|---|
| 1 | ഭരണസമിതി അംഗങ്ങൾ | 1 |
| 2 | ആസൂത്രണസമിതി അംഗങ്ങൾ | 2 |
| 3 | വർക്കിംഗ് ഗ്രൂപ്പുകളും ഭാരവാഹികളും | 3 |
| 4 | പഞ്ചായത്ത് ജീവനക്കാർ | 4 |
| 5 | പൊതു വിവരണം | 5 |
| 6 | നിയമസസഭാ അംഗങ്ങളും ത്രിതല പഞ്ചായത്ത് അംഗങ്ങളും | 6 |
| 7 | അദ്ധ്യായം - 1 തദ്ദേശസ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ | 7 |
| 8 | അദ്ധ്യായം - 2 വാർഷിക പദ്ധതി അവലോകനം | 9 |
| 9 | അദ്ധ്യായം - 3 പ്രശ്ന വിശകലനവും പരിഹാര സാധ്യതകളും | 22 |
| 10 | അദ്ധ്യായം - 4 വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ | 31 |
| 11 | അദ്ധ്യായം - 5 വിഭവസ്രോതസ്സുകളും വകയിരുത്തലുകളും | 33 |
| 12 | അദ്ധ്യായം - 6 പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും | 35 |
| 13 | അദ്ധ്യായം - 7 പ്രത്യേക പദ്ധതികൾ/പരിപാടികൾ | 55 |
| 14 | അദ്ധ്യായം - 8 വായ്പ ബന്ധങ്ങൾ | 56 |
| 15 | അദ്ധ്യായം - 9 സമഗ്ര പരിപാടികളും സംയോജന സാധ്യതകളും | 59 |
| 16 | അദ്ധ്യായം - 10 മോണിട്ടറിംഗ് | 61 |

# ഭരണസമിതി അംഗങ്ങൾ

# നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. ശ്രീ.പി വി വിനോദ് | - | **പ്രസിഡന്റ്** (വാർഡ് 17) |
| 2. ശ്രീമതി.സിന്ധു ജയൻ | - | **വൈസ് പ്രസിഡന്റ്** (വാർഡ് 6) |
| **3.** ശ്രീ.ടി.കെ.സതീശൻ | - | **വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ** (വാർഡ് 18) |
| **4.** ശ്രീമതി.മഞ്ജു സതീശൻ | - | **ക്ഷേമ കാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ** (വാർഡ് 12) |
| **5.** ശ്രീ.കെ.എ).ഇക്ബാൽ | - | **ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ** (വാർഡ് 10) |
| 6. ശ്രീ.ലളിത ദിവാകരൻ | - | **മെമ്പർ** വാർഡ് 1 |
| 7. ശ്രീ.ആനി ആന്റു | - | **മെമ്പർ** വാർഡ് 2 |
| 8. ശ്രീ.സുനിത സജീവൻ | - | **മെമ്പർ** വാർഡ് 3 |
| 9. ശ്രീ.കെ.കെ.രവി നമ്പൂതിരി | - | **മെമ്പർ** വാർഡ് 4 |
| 10. ശ്രീമതി.ഷീജ നസീർ | - | **മെമ്പർ** വാർഡ് 5 |
| 11. ശ്രീ.മോളി വർഗ്ഗീസ് | - | **മെമ്പർ** വാർഡ് 7 |
| 12. ശ്രീ.എം.യു.കൃഷ്ണകുമാർ | - | **മെമ്പർ** വാർഡ് 8 |
| 13. ശ്രീമതി.ജോബി ശിവൻ | - | **മെമ്പർ** വാർഡ് 9 |
| 14. ശ്രീ.കെ.എ).ബൈജു | - | **മെമ്പർ** വാർഡ് 11 |
| 15. ശ്രീ.ടി.വി.സുരേഷ്കുമാർ | - | **മെമ്പർ** വാർഡ് 13 |
| 16. ശ്രീ.ഡേവിസ് കുര്യൻ | - | **മെമ്പർ** വാർഡ് 14 |
| 17. ശ്രീമതി.ടെസ്സി ടൈറ്റസ് | - | **മെമ്പർ** വാർഡ് 15 |
| 18. ശ്രീ.ഷിജു.സി.കെ. | - | **മെമ്പർ** വാർഡ് 16 |

# അന്നമനട ഗ്രാമപഞ്ചായത്ത്

# ആസൂത്രണസമിതി അംഗങ്ങൾ

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | **പി വി വിനോദ്** |
| ഉപാദ്ധ്യക്ഷൻ | - | **ടി വി ഭാസ്കരൻ** |
| പ്ലാൻ കോ-ഓർഡിനേറ്റർ | - | **ഉഷാദേവി കെ എസ്, സെക്രട്ടറി** |

<u>അംഗങ്ങൾ</u>

| | | |
|---|---|---|
| **1.** സിന്ധു ജയൻ | - | **വൈസ് പ്രസിഡന്റ്** |
| 2. ടി കെ സതീശൻ | - | **വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ** |
| **3.** മഞ്ജു സതീശൻ | - | **ക്ഷേമ കാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺ** |
| **4.** കെ.എ).ഇക്ബാൽ | - | **ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് ചെയർമാൻ** |
| 5. എം കെ ഹക്ക് | - | അംഗം |
| 6. പി ഡി ജോസ് | - | അംഗം |
| 7. പി കെ മോഹനൻ | - | അംഗം |
| 8. പി ജി സുബ്രഹ്മണ്യൻ | - | അംഗം |
| 9. പി എ അസീസ് | - | അംഗം |
| 10. പി കെ തിലകൻ | - | അംഗം |
| കൺവീനർ | - | ഉഷാദേവി കെ എസ്, സെക്രട്ടറി |

## വർക്കിംഗ് - ഗ്രൂപ്പുകളും-ഭാരവാഹികളും

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | കൺവീനർ | ചെയർമാൻ / ചെയർപേഴ്സൺ |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും (കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ഭരണം മെച്ചപെടുത്തൽ മുതലായവ) | സെക്രട്ടറി | സിന്ധു ജയൻ |
| 2 | കൃഷിയും അനുബന്ധമേഖലകളും (മണ്ണ്-ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവത്ക്കരണം ഉൾപ്പെടെ) | കൃഷി ഓഫീസർ | മഞ്ജു സതീശൻ |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | വെറ്റിനറി സർജൻ | ഷീജ നസീർ |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | വി.ഇ.ഒ. വെസ്റ്റ് കൊരട്ടി | മോളി വർഗ്ഗീസ് |
| 5 | ദാരിദ്രലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | വി.ഇ.ഒ. മേലഡൂർ | ഷിജു സി കെ |
| 6 | സാമൂഹ്യ നീതി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | എം വി കൃഷ്ണകുമാർ |
| 7 | വനിത വികസനം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ടെസ്സി ടൈറ്റസ് |
| 8 | പട്ടികജാതി വികസനം | അസി. സെക്രട്ടറി | സുനിത സജീവൻ |
| 9 | ആരോഗ്യം | മെഡിക്കൽ ഓഫീസർ | കെ എ ഇക്ബാൽ |
| 10 | കുടിവെള്ളം ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം | അസി.എഞ്ചിനീയർ | കെ കെ രവി നമ്പൂതിരി |
| 11 | വിദ്യാഭ്യാസം കല സംസ്കാരം കായികം യുവജന ക്ഷേമം | ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ്സ് | കെ എ ബൈജു |
| 12 | പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ) | അസി.എഞ്ചിനീയർ | ടി കെ സതീശൻ |
| 13 | ജൈവവൈവിധ്യം ദുരന്തനിവാരണം | സെക്രട്ടറി | പി വി വിനോദ് |

<u>അന്നമനട ഗ്രാമപഞ്ചായത്ത് ജീവനക്കാർ</u>

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.ഉഷാദേവി കെ എസ് | സെക്രട്ടറി |
| 2 | ശ്രീ.ജുഗുനു | അസി. സെക്രട്ടറി |
| 3 | ശ്രീ. ഷിൽജൻ കെ കണ്ണംമ്പുഴ | ഹെഡ് ക്ലാർക്ക് |
| 4 | ശ്രീമതി. ജയന്തി സി | അക്കൌണ്ടന്റ് |
| 5 | ശ്രീമതി. പ്രീതി എസ് | സീനിയർ ക്ലാർക്ക് |
| 6 | ശ്രീമതി. ലീന പി എൽ | സീനിയർ ക്ലാർക്ക് |
| 7 | ശ്രീ. ബാബു പി കെ | സീനിയർ ക്ലാർക്ക് |
| 8 | ശ്രീമതി.വീണ പി എൽ | ക്ലാർക്ക് |
| 9 | ശ്രീ. ബിനിമോൾ കെ ജി | ക്ലാർക്ക് |
| 10 | ശ്രീമതി. ഷാലി പി വി | ക്ലാർക്ക് |
| 11 | ശ്രീമതി. ദിവ്യ കെ പി | ക്ലാർക്ക് |
| 12 | ശ്രീ. സുമിത്ത് എം എസ് | ഓഫീസ് അറ്റന്റന്റ് |
| 13 | ശ്രീമതി. അനിത കൃഷ്ണൻ | ഓഫീസ് അറ്റന്റന്റ് |
| 14 | ശ്രീമതി. ജോഷ്വ കെ ഒ | എഫ്.ടി.എസ്. |
| 15 | ശ്രിമതി. ഗിരിജകുമാരി ഐ സി | എഫ്.ടി.എസ് |
| 16 | ശ്രീ. രവി പി കെ | പി.ടി.എസ്. |
| 17 | ശ്രീമതി.നീതുമോൾ | പി.ടി. ലൈബ്രേറിയൻ |
| 18 | ശ്രീമതി. നിഷ ജോൺ | ടെക്നിക്കൽ അസിസ്റ്റന്റ് |
| 19 | ശ്രീമതി.മീനു കെ ആർ | പ്രോജക്ട് അസിസ്റ്റന്റ് |
| 20 | ശ്രീ. ബിൻതാജ് ബഷീർ | MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ |
| 21 | ശ്രീ. അനസ് ബഷീർ | MGNREGS അക്കൌണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 22 | ശ്രി. ബാജിലാൽ ടി എ | MGNREGS ഓവർസീയർ |
| 23 | ശ്രീ. പവീഷ് സി പി | ഡ്രൈവർ |

# അന്നമനട ഗ്രാമ പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | അന്നമനട ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് | - | മാള ബ്ലോക്ക് |
| ജില്ല | - | തൃശ്ശൂർ |
| പാർലിമെന്റ് മണ്ഡലം | - | ചാലക്കുടി |
| എം.പി. | - | ശ്രീ. ബെന്നി ബെഹനാൻ |
| അസംബ്ലി മണ്ഡലം | - | കൊടുങ്ങല്ലൂർ |
| എം.എൽ.എ. | - | അഡ്വ. വി.ആർ.സുനിൽകുമാർ |
| താലൂക്ക് | - | ചാലക്കുടി |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | കല്ലൂർ തെക്കുംമുറി, ആലത്തൂർ, കല്ലൂർ വടക്കുംമുറി |
| വിസ്തീർണ്ണം | - | 25.08 ച.കി. |
| അതിരുകൾ വടക്ക് | - | കാടുകുറ്റി ഗ്രാമ പഞ്ചായത്ത് |
| കിഴക്ക് | - | കൊരട്ടി ഗ്രാമ പഞ്ചായത്ത് |
| തെക്ക് | - | പാറക്കടവ് ഗ്രാമ പഞ്ചായത്ത് |
| പടിഞ്ഞാറ് | - | മാള ഗ്രാമ പഞ്ചായത്ത് |
| ജനസംഖ്യ (2011 സെൻസസ്) | - | 30158 |
| സ്ത്രീ | - | 14466 |
| പുരുഷൻ | - | 15692 |
| ആകെ | - | 30158 |
| ജനസാന്ദ്രത | - | 12.02 |
| സ്ത്രീ-പുരുഷാനുപാതം | - | 1000/1084 |
| പട്ടികജാതി | - | 3335 |
| സാക്ഷരത | - | 96% |
| വാർഡുകൾ | - | 18 |
| പഞ്ചായത്ത് നിലവിൽ വന്ന വർഷം | - | 15.10.1953 |

## നിയമസഭാ പാർലിമെന്റ് അംഗങ്ങളും ത്രിതല പഞ്ചായത്ത് അംഗങ്ങളും

| | | |
|---|---|---|
| ശ്രീ. ബെന്നി ബഹനാൻ | - | ലോകസഭാ അംഗം |
| അഡ്വ.വി.ആർ.സുനിൽകുമാർ | - | നിയമസഭാ അംഗം |
| ശ്രീമതി. ശോഭന ഗോകുൽനാഥ് | - | ജില്ലാപഞ്ചായത്ത് മെമ്പർ |
| ശ്രീമതി. രേഖാ ഷാന്റി | - | മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് |
| ശ്രീ. ഒ സി രവി | - | മാള ബ്ലോക്ക് പഞ്ചായത്ത് അംഗം |
| ശ്രീ. യു എ ജോർജ് | - | മാള ബ്ലോക്ക് പഞ്ചായത്ത് അംഗം |
| ശ്രീമതി. വിൻസി ജോഷി | - | മാള ബ്ലോക്ക് പഞ്ചായത്ത് അംഗം |

## അദ്ധ്യായം - 1

## തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി - അവസ്ഥാ വിശകലനം

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ മാള ബ്ലോക്കിലാണ് അന്നമനട ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 25.08ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള അന്നമനട പഞ്ചായത്തിൽ 18 വാർഡുകളുണ്ട്. പഞ്ചായത്തിന്റെ അതിരുകൾ വടക്കുഭാഗത്ത് കാടുകുറ്റി പഞ്ചായത്തും തെക്കുഭാഗത്ത് പാറക്കടവ് പഞ്ചായത്തും, കിഴക്കുഭാഗത്ത് കൊരട്ടി പഞ്ചായത്തും, പടിഞ്ഞാറുഭാഗത്ത് മാള, കുഴൂർ പഞ്ചായത്തുകളുമാണ്. ചാലക്കുടിപ്പുഴ അന്നമനട പഞ്ചായത്തിലൂടെ ഒഴുകുന്നു. പുഴയുടെ കിഴക്കേ കരയിലും പടിഞ്ഞാറേ കരയിലുമായി പഞ്ചായത്തിലെ വാർഡുകൾ സ്ഥിതി ചെയ്യുന്നു. അന്നമനട പഞ്ചായത്ത് ഒരു കാർഷികാധിഷ്ഠിത പ്രദേശമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയും കൃഷിയോടനുബന്ധിച്ച തൊഴിലിലും ഏർപ്പെട്ടുജീവിക്കുന്നു. സ്ഥലവാസികൾക്ക് അനായാസേന ഉച്ചരിക്കാൻ കഴിയുന്നതും അന്യദേശക്കാർക്ക് ഉച്ചരിക്കാൻ ഏറെ വൈഷമ്യം അനുഭവപ്പെടുന്നതുമായ അന്നമനട എന്ന താളാത്മകമായ സ്ഥലനാമത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ല. അന്നമനട മഹാദേവക്ഷേത്രവുമായി ബന്ധപ്പെട്ട് അന്നം കൊടുത്തിരുന്ന നട, അന്നമനടയായി പരിണമിച്ചുവത്രെ. ആയിരം കൊല്ലങ്ങൾക്കുമുമ്പ് തൈക്കൂട്ടത്തിന് സമീപം കല്ലൂർ ആൽ എന്നറിയപ്പെടുന്ന സ്ഥലം വരെ പറവൂർ നാടുവാഴിയുടെ ഭരണത്തിൻകീഴിലായിരുന്നു. ക്രമേണ ഈ സ്ഥലം തിരുവിതാംകൂർരാജാവ് ആക്രമിച്ചുകീഴടക്കി. ഏതാണ്ട് ഇരുന്നൂറ് വർഷംമുമ്പ് തിരുവിതാംകൂറും കൊച്ചിയുമായി അതിർത്തിതർക്കം രൂക്ഷമായതോടെ ബ്രിട്ടീഷ് അധികാരികൾ ഇടപ്പെട്ട്, ഏകാംഗകമ്മീഷനെ നിയമിച്ച് അതിർത്തി നിർണ്ണയിച്ചുകൊടുത്തു. അങ്ങനെയാണ് പൂവ്വത്തുശ്ശേരി പ്രദേശത്തെ രണ്ടായി വിഭജിക്കുന്ന ആറടിപാതയും കൊച്ചി-തിരുവിതാംകൂർ അതിർത്തികല്ലും(കൊതികല്ല്) രൂപംകൊണ്ടത്. പ്രസിദ്ധമായ അന്നമനട മഹാദേവക്ഷേത്രം കൊച്ചിരാജ്യത്തിന്റെ കീഴിലായി. ഇന്നു കാണുന്ന ക്ഷേത്രത്തിന്റെ രൂപകല്പനയും പത്ത് ദിവസങ്ങൾ നീളുന്ന ഉത്സവാഘോഷപരിപാടികളും കൊച്ചിരാജഭരണത്തിനു മുമ്പ് തുടങ്ങിയതാണ്. അന്നമനട എന്നു കേൾക്കുമ്പോൾ ആരുടേയും മനസ്സിൽ ആദ്യം ഓടിയെത്തുന്നത് അന്നമനട മഹാദേവക്ഷേത്രവും, പഞ്ചവാദ്യകലയുമാണ്.

മഹാദേവക്ഷേത്രം കേരളത്തിലെ പ്രശസ്തമായ ആരാധനാലയങ്ങളിലൊന്നാണ്. പഞ്ചാവാദ്യങ്ങളിലൊന്നായ തിമില എന്ന വാദ്യോപകരണത്തിന് ഇത്രയും പ്രമുഖ്യം ഉണ്ടാകുവാൻ കാരണം അന്നമനടയാണ്. അന്നമനട അച്യുതമാരാർ, പരമേശ്വരമാരാർ, പീതാംബരമാരാർ എന്നിവർ തിമിലവാദനത്തിൽ കരുത്താർജ്ജിച്ചപ്പോൾ അന്നമനടയുടെ പ്രശസ്തി ദൂരദേശങ്ങളിലേക്കും വ്യാപിച്ചു....

## അദ്ധ്യായം - 2

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്  വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:പൊതുഭരണവും ധനകാര്യവും

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | പൊതുഭരണം | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിങ്ങ് | GEN | 200000 | കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ |
| 2 | ധനകാര്യം | ഐ കെ എം വിഹിതം നൽകൽ | GEN | 95855 | വിഹിതം നൽകൽ | വിഹിതം നൽകൽ | വിഹിതം നൽകൽ |
| 3 | പൊതുഭരണം | പ്രോജക്ട് അസിസ്റ്റന്റിന് വേതനം | GEN | 275000 | കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ |
| 4 | ധനകാര്യം | കമ്പ്യൂട്ടറുകളുടേയും അനുബന്ധ സാമഗ്രികളുടേയും എഎംസി | GEN | 100000 | കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ | തദ്ദേശഭരണ സ്ഥാപന സേവനം മെച്ചപ്പെടുത്തൽ |

**2024-25 വാർഷിക പദ്ധതി അവലോകനം**

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് **വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:കൃഷിയും അനുബന്ധമേഖലയും**

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | കൃഷി | വാഴകൃഷി | ജനറൽ | 325000 | വാഴകൃഷി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അധികമായി സ്ഥലത്തു അധികമായി കൃഷി ചെയുന്നു | വാഴകൃഷി അധികമായി സ്ഥലത്ത് കൃഷി ചെയ്യുന്നു. | വാഴകൃഷി കൂലിചെലവ് കുറഞ്ഞു |
| 2 | കൃഷി | ജാതി കൃഷി | ജനറൽ | 680000 | ജാതികൃഷിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അധികമായി സ്ഥലത്തു അധികമായി കൃഷി ചെയുന്നു | ജാതികൃഷിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അധികമായി സ്ഥലത്തു അധികമായി കൃഷി ചെയുന്നു | ജാതികൃഷി പാടശേഖരങ്ങളുടെ അധിക ഉപയോഗം കൂടി |
| 3 | കൃഷി | കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി തൈ വിതരണം | ജനറൽ | 400000 | കുടുംബശ്രീ മുഖേന പച്ചക്കറികൃഷിയുടെ ഉപയോഗം വർദ്ധിക്കുന്നു. | എല്ലാ വീട്ടിലും പച്ചക്കറികൃഷി | എല്ലാ വീട്ടിലും പച്ചക്കറികൃഷി |

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:**മൃഗസംരക്ഷണവും ക്ഷീരവികസനവും**

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP /TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ക്ഷീരവികസനം | പാലിന് സബ്സിഡി | GEN | 1314000 | ക്ഷീര കർഷകർക്ക് സാമ്പത്തികമായി മുന്നേറാൻ സാധിച്ചു. | ക്ഷീര കർഷകർക്ക് സാമ്പത്തികമായി മുന്നേറാൻ സാധിച്ചു. | ക്ഷീര കർഷകർക്ക് സാമ്പത്തികമായി മുന്നേറാൻ സാധിച്ചു. |
| 2 | മൃഗസംരക്ഷണം | അടുക്കളമുറ്റത്തെ കോഴിവളർത്തൽ | GEN | 325000 | മൃഗസംരക്ഷണം | കോഴി വളർത്തൽ | മൃഗസംരക്ഷണം മെച്ചപ്പെടുത്താൻ സാധിച്ചു. |
| 3 | മൃഗസംരക്ഷണം | മൃഗാസ്പത്രികൾക്ക് മരുന്നു വാങ്ങൽ | GEN | 650000 | മൃഗസംരക്ഷണം | അടിസ്ഥാന സൗകര്യങ്ങൾ | മൃഗസംരക്ഷണം ഉറപ്പുവരുത്താൻ സാധിച്ചു. |
| 4 | മൃഗസംരക്ഷണം | എ ബി സി പ്രോഗ്രാം -ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | GEN | 300000 | മൃഗസംരക്ഷണം | മൃഗങ്ങളുടെ സംരക്ഷണം | മൃഗസംരക്ഷണം ഉറപ്പുവരുത്താൻ സാധിച്ചു. |
| 5 | മൃഗസംരക്ഷണം | തെരുവുനായകൾക്ക് അന്നമനട ഗ്രാമപഞ്ചായത്ത് തെരുവുനായകൾക്ക് കൂട് നിർമ്മാണം | GEN | 60000 | മൃഗസംരക്ഷണം | രോഗനിർണ്ണയം നടത്താൻ സാധിച്ചു. | രോഗനിർണ്ണയ ക്യാമ്പ് നടത്തുന്നതിനും രോഗപ്രതിരോധം ഉറപ്പ് വരുത്തുന്നതിന് സാധിച്ചു. |

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്　　　　വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **ചെറുകിട സാമ്പത്തിക വികസനം**

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | പ്രാദേശിക സാമ്പത്തിക വികസനം | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട | GEN | 50000 | ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തൽ | ഭിന്നശേഷിക്കാരുടെ ഉന്നമനം | ഭിന്നശേഷിക്കാരുടെ ഉന്നമനം ഊർജ്ജിതപ്പെടുത്തൽ |
| 2 | പ്രാദേശിക സാമ്പത്തിക വികസനം | സ്വയം തൊഴിലിന് ഇരുചക്രവാഹനം | GEN | 550000 | വനിതകൾക്ക് സ്വയം തൊഴിലിലൂടെ ജീവിത നിലവാരം മെച്ചപ്പെടുത്തൽ | സ്ത്രീജനങ്ങൾക്ക് ജീവിതമാർഗ്ഗം സ്വയംതൊഴിലിലൂടെ കണ്ടെത്തുന്നതിന് | സ്ത്രീകളുടെ ഉന്നമനത്തിനായി |

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:**ദാരിദ്ര ലഘൂകരണം**

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP /TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ദാരിദ്ര ലഘൂകരണം | PMAY ക്കു വിഹിതം നൽകൽ | GEN | 440000 | സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം | അഗതികളുടെ ക്ഷേമം | അഗതികളുടെ ക്ഷേമം |
| 2 | ദാരിദ്ര ലഘൂകരണം | അതിദരിദ്രർക്ക് ഭവന പുനരുദ്ധാരണം | GEN | 300000 | ഭൌതികസാഹചര്യം മെച്ചപ്പെടൽ | അതിദാരിദ്ര നിർമ്മാജ്ജനം | അതിദാരിദ്ര വിഭാഗത്തിൽപ്പെടുന്നവർക്ക് വീട് മെയിന്റനൻസ് മുഖാന്തിരം മെച്ചപ്പെട്ട ഭൌതിക സാഹചര്യം |
| 3 | ദാരിദ്ര **ലഘൂകരണം** | ലൈഫ് പദ്ധതി ജനറൽ | GEN | 4221645 | ഭൌതികസാഹചര്യം മെച്ചപ്പെടൽ | വീട് നിർമ്മാത്തിലൂടെ പൊതുജന സുരക്ഷ | വീട് നിർമ്മാത്തിലൂടെ പൊതുജന സുരക്ഷ |
| 4 | ദാരിദ്ര **ലഘൂകരണം** | ലൈഫ് പദ്ധതി എസ് സി | SC | 2606000 | ഭൌതികസാഹചര്യം മെച്ചപ്പെടൽ | വീട് നിർമ്മാത്തിലൂടെ പൊതുജന സുരക്ഷ | വീട് നിർമ്മാത്തിലൂടെ പൊതുജന സുരക്ഷ |

**2024-25 വാർഷിക പദ്ധതി അവലോകനം**

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:**സാമൂഹ്യനീതി**

| ക്രമ നമ്പർ | മേഖല/ ഉപ മേഖല | പ്രോജക്ടിന്റെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സേവനം | ജാഗ്രത സമിതി പ്രവർത്തനങ്ങൾക്ക് വേണ്ടി ഫെസിലിറ്റേറ്റർ | Gen | 280000 | സ്ത്രീകളുടെ സുരക്ഷക്കായി | സ്ത്രീകളുടെ സുരക്ഷക്കായി | സ്ത്രീകളുടെ സുരക്ഷക്കായി |
| 2 | സേവനം | വനിതകൾക്ക് യോഗ കരാട്ടെ പരിശീലനം | Gen | 100000 | സ്ത്രീകളുടെ സുരക്ഷക്കായി | സ്ത്രീകളുടെ സുരക്ഷക്കായി | സ്ത്രീകളുടെ സുരക്ഷക്കായി |
| 3 | സേവനം | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം | Gen | 1700000 | ഭിന്നശേഷി കുട്ടികൾക്ക് സമാശ്വാസം | സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമം |
| 4 | സേവനം | സ്വയം തൊഴിലിന് ഇരുചക്രവാഹനം | Gen | 850000 | സ്ത്രീകളുടെ ഉന്നമനത്തിനായി | സ്ത്രീകൾക്ക് സ്വയം തൊഴിലുടെ വരുമാനമാർഗ്ഗത്തിനായി | സ്ത്രീകൾക്ക് സ്വയം തൊഴിലുടെ മെച്ചപ്പെട്ട ഭൌതിക സാഹചര്യം |
| 5 | സേവനം | കുട്ടികൾക്ക് കായിക പരിശീലനം | Gen | 100000 | ഭൌതികസാഹചര്യം മെച്ചപ്പെടൽ | കലാസാംസ്കാരികകായിക വികസനം, യുവജനക്ഷേമം | കലാസാംസ്കാരിക കായിക പ്രോത്സാഹനം |

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:വനിതാ വികസനം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സേവനം | ജനകീയ ഹോട്ടൽ പുനരുദ്ധാരണം | GEN | 200000 | സ്ത്രീകളുടെ ഉന്നമനത്തിനായി | സ്ത്രീകളുടെ ഉന്നമനം സജ്ജീവമായി | സ്ത്രീകൾക്ക് ചെറുകിട വ്യവസായത്തിലൂടെ വരുമാനമാർഗ്ഗം കണ്ടെത്താനായി. |
| 2 | സേവനം | 2024-25 കുടുംബശ്രീ ഓഫീസ് പുനരുദ്ധാരണം പൂർത്തീകരണം | GEN | 100000 | സ്ത്രീകളുടെ ഉന്നമനത്തിനായി | സ്ത്രീകളുടെ ഉന്നമനത്തിനായി | സ്ത്രീകൾക്ക് ചെറുകിട വ്യവസായത്തിലൂടെ വരുമാനമാർഗ്ഗം കണ്ടെത്താനായി. |
| 3 | സേവനം | 2022-23 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധന സഹായം | SC | 1000000 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധന സഹായത്തിലൂടെ സമാശ്വാസം | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധന സഹായത്തിലൂടെ സമാശ്വാസം | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധന സഹായത്തിലൂടെ സമാശ്വാസം |

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:പട്ടികജാതി വികസനം

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | പശ്ചാത്തലം | ഭവന പുനരുദ്ധാരണം (എസ് സി) | SCP | 1875000 | ഭവന പുനരുദ്ധാരണം | ഭവന പുനരുദ്ധാരണം | പണി തീരുന്ന മുറയ്ക്ക് തുക കൈമാറുന്നത് കൊണ്ട്. |
| 2 | പശ്ചാത്തലം | എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | SCP | 350000 | ടോയിലറ്റിന് ധനസഹായം | ടോയിലറ്റിന് ധനസഹായം | പണി തീരുന്ന മുറയ്ക്ക് തുക കൈമാറുന്നത് കൊണ്ട്. |
| 3 | സേവനം | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | SCP | 360000 | മെച്ചപ്പെട്ട വിദ്യാഭ്യാസം | മെച്ചപ്പെട്ട വിദ്യാഭ്യാസ ഭൌതിക സാഹചര്യം | വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുതൽ |

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **ആരോഗ്യം**

| ക്രമ നമ്പർ | മേഖല/ ഉപ മേഖല | പ്രോജക്ടിന്റെ പേര് | GEN /SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ആരോഗ്യം | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സംരക്ഷണം | GEN | 1000000 | കിടപ്പ് രോഗികൾക്കും വയോജനങ്ങൾക്കും സംരക്ഷണം | കിടപ്പ് രോഗികൾക്കും വയോജനങ്ങൾക്കും ആരോഗ്യസുരക്ഷ | ആരോഗ്യസംരക്ഷണം മെച്ചപ്പെടുത്തൽ |
| 2 | ആരോഗ്യം | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | GEN | 100000 | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം |
| 3 | ആരോഗ്യം | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | GEN | 1500000 | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം |
| 4 | ആരോഗ്യം | മാമ്പ്ര എഫ്എച്ച്സി യിലേക്ക് മരുന്നുകളും കൺസ്യൂമബിൾസും വാങ്ങൽ | GEN | 1200000 | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം | മരുന്നുകളുടെ ലഭ്യത നിയമാനുസരണം |

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്   വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:**കുടിവെള്ളം ശുചിത്വം,മാലിന്യ നിർമ്മാർജനം**

| ക്രമനമ്പർ | മേഖല/ ഉപ മേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | കുടിവെള്ളം | അന്നമനട ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് തുക നൽകൽ | GEN | 400000 | പൊതുകുളങ്ങളുടെ സംരക്ഷണം | പൊതുകുളങ്ങളുടെ ഉപയോഗം യഥാക്രമം കൂടി | പൊതുകുളങ്ങളുടെ സംരക്ഷണം |
| 2 | ശുചിത്വം | ക്ലീൻ അന്നമനട | GEN | 405000 | ക്ലീൻ അന്നമനട | മാലിന്യമുക്തം അന്നമനട | മാലിന്യമുക്തം അന്നമനട |
| 3 | ശുചിത്വം | പഞ്ചായത്ത് ഓഫീസും പരിസരവും ഹരിതാഭമാക്കൽ | GEN | 200000 | പഞ്ചായത്ത് പരിസരം ഹരിതാഭമാക്കൽ | മാലിന്യമുക്തം നവകേരളം | മാലിന്യമുക്തം നവകേരളം |
| 4 | ശുചിത്വം | മാലിന്യമുക്ത പഞ്ചായത്ത് വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ | SCP | 30000 | ബോധവൽക്കരണ പ്രവർത്തനങ്ങൾ | മാലിന്യമുക്ത അവബോധം | മാലിന്യ സംസ്കരണ രീതി |

## 2024-25 വാർഷിക പദ്ധതി അവലോകനം

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **വിദ്യാഭ്യാസം കല_സംസ്കാരം കായികം യുവജനക്ഷേമം**

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | കലാകായികം | അന്നമനട ഷോപ്പിംഗ് കോംപ്ലെക്സ് ഓപ്പൺ സ്റ്റേജ് | GEN | 100000 | കലാകായിക രംഗം ഊർജ്ജപ്പെടുത്തുന്നതിന് | മെച്ചപ്പെട്ട കലാകായിക ഭൌതിക സാഹചര്യം | മെച്ചപ്പെട്ട കലാകായിക ഭൌതിക സാഹചര്യം |
| 2 | കായികം | ഡിജിറ്റൽ ലൈബ്രറി പൂർത്തീകരണം മൂന്നാം ഘട്ടം | GEN | 1100000 | വിദ്യാഭ്യാസരംഗത്ത് മികച്ച പുരോഗതി | വിദ്യാഭ്യാസരംഗത്ത് മികച്ച പുരോഗതി | വിദ്യാഭ്യാസരംഗത്ത് മികച്ച പുരോഗതി |
| 3 | കലാകായികം | ഭിന്നശേഷി കലോത്സവം | GEN | 60000 | ഭിന്നശേഷികുട്ടികൾക്ക് കലാകായിക രംഗത്ത് മികവുള്ള കലാകരാന്മാരെ കണ്ടെത്തുന്നതിന് | ഭിന്നശേഷികുട്ടികൾക്ക് കലാകായിക രംഗത്ത് മികവുള്ള കലാകരാന്മാരെ കണ്ടെത്തുന്നതിന് | ഭിന്നശേഷികുട്ടികൾക്ക് കലാകായിക രംഗത്ത് മികവുള്ള കലാകരാന്മാരെ കണ്ടെത്തുന്നതിന് |
| 4 | കലാകായികം | കേരളോത്സവം | GEN | 100000 | കലാകായിക രംഗത്ത് മികവുള്ള കലാകരാന്മാരെ കണ്ടെത്തുന്നതിന് | മികച്ച പ്രകടനം നടത്തുന്നവരെ കണ്ടെത്തി അനുമോദനം | കലാകായിക രംഗത്തെ വികസിപ്പിക്കുന്നതിന് |

**2024-25 വാർഷിക പദ്ധതി അവലോകനം**

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **പൊതുമരാമത്ത്**

| ക്രമനമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | റോഡ് | 2024-25 മഞ്ഞളി റോഡ് പുനരുദ്ധാരണം വാർഡ് 5 | GEN | 300000 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിന്റനൻസ് |
| 2 | റോഡ് | 2024-25 മസ് ജിദ് റോഡ് പുനരുദ്ധാരണം വാർഡ് 9 | GEN | 395561 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിന്റനൻസ് |
| 3 | റോഡ് | 2024-25 സൊസൈറ്റിപടി വിളഗ ജംഗ്ഷൻ ലിങ്ക് റോഡ് പുനരുദ്ധാരണം വാർഡ് 9 | GEN | 150000 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിന്റനൻസ് |
| 4 | റോഡ് | 2024-25 മാർക്കറ്റ് പനമ്പിള്ളി ലിങ്ക് റോഡ് | GEN | 440000 | റോഡ് നിലവാരം മെച്ചപ്പെടുത്തൽ | റോഡ് സഞ്ചാരയോഗ്യമാക്കൽ | യഥാക്രമം റോഡുകളുടെ മെയിന്റനൻസ് |

**2024-25 വാർഷിക പദ്ധതി അവലോകനം**

തദ്ദേശസ്ഥാപനത്തിന്റെ പേര്: അന്നമനട ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **ജൈവവൈവിധ്യം, ദുരന്ത നിവാരണം**

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN /SCSP/TSP | ചെലവഴിച്ച തുക | പ്രതിക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൌതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തിന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | റോഡ് | 2023-24 ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ ചീർപ്പ് നിർമ്മാണം | GEN | 47000 | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്കങ്ങൾ | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്കങ്ങൾ | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്കങ്ങൾ |
| 2 | റോഡ് | ദുരന്തനിവാരണം - വാർഡുകളിലെ വിവിധ അടിയന്തിര പ്രവൃത്തികൾ | GEN | 150000 | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ | ദുരന്തനിവാരണം വിവിധ സ്ഥലങ്ങളിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ |
| 3 | റോഡ് | ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ 2023-24 | GEN | 71600 | ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ | ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ | ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ |

# അദ്ധ്യായം - 3

## പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

### കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവം കാര്യക്ഷമമാക്കൽ

അന്നമനട ഗ്രാമപഞ്ചായത്തിൽ ഇ-ഗവേണൻസിന്റെ ഭാഗമായി എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനായി എല്ലാ ജീവനക്കാർക്കും പരിശീലന പരിപാടികൾ സംഘടിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കൽ, ടച്ച് സ്ക്രീൻ സ്ഥാപിക്കൽ, പൊതുജനസേവനം കാര്യക്ഷമമാക്കുക. പഞ്ചായത്തിൽ നിന്നുമുള്ള സേവനങ്ങളുടെ വിവരങ്ങളും നികുതി പിരിവും ഓൺലൈൻ വഴി ലഭ്യമാക്കുക. പഞ്ചായത്തിൽ നിന്നുമുള്ള അറിയിപ്പുകൾ ഓരോ കുടുംബത്തിനും ലഭ്യമാക്കുന്നതിന് പ്രത്യേക ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുക.

### കൃഷിയും അനുബന്ധ മേഖലകളും

കൃഷിയെ ആസ്പതമാക്കി ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ഉചിതമായ ഭൂപ്രദേശത്താൽ സമ്പൂർണ്ണമാണ് അന്നമനട ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ. കൃഷി ജീവതത്തിലെ അനിവാര്യ ഘടകമായി കാണുന്നതിനുനപ്പുറം വരുംതലമുറയ്ക്ക് കൂടി ഉപകാരപ്രദമാവും വിധമാണ് അന്നമനടയുടെ കൃഷി മേഖല വളരുന്നത്. ദിനംപ്രതി വർദ്ധിച്ചുവരുന്ന ജൈവപച്ചക്കറി കൃഷികളുടെ പ്രാധാന്യം വിഷരഹിത കേരളത്തെ സൃഷ്ടിക്കുന്നതിന് അന്നമനട എന്നും ഒരു മാർഗ്ഗദർശനമാണ്. ഞങ്ങളും കൃഷിയിലേക്ക് എന്ന ആശയം കൂടുതൽ നടപ്പിലാക്കുന്നതിന് വീട് വീടാന്തരം പച്ചക്കറി വിത്തുകൾ എത്തിക്കുകയും കോവിഡ് മഹാമാരി കാലഘട്ടത്തിൽ വളരെയധികം ഫലവത്തായ നടപടികളിലൊന്നായി തീർന്നു. നെൽകൃഷി ഉല്പാദനത്തിൽ വന്ന മാറ്റത്തെ ആസ്പദമാക്കി സമഗ്ര നെൽകൃഷി കുമ്മായം, നെൽവിത്ത്, സ്ഥിരം നെൽകൃഷി എന്നീ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഡ്തോറും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും

അവർക്ക് വേണ്ട സബ്സിഡികൾ ഏർപ്പെടുത്തുന്നതിനും പഞ്ചായത്ത് മുൻകൈ എടുത്ത് വിവിധ പ്രവർത്തികൾ ചെയ്തുവരുന്നുണ്ട്. ജാതി കൃഷിക്ക് വളത്തിന് സബ്സിഡി കൊടുക്കുന്ന പ്രോജക്ടിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തുകയും ജാതികർഷകർക്ക് കൈതാങ്ങാവുകയും ഉയർന്നുവരുന്ന വളത്തിന്റെ വിലയിൽ നിന്നും ആശ്വാസമാകുകയും ചെയ്യുന്നു. പ്രളയത്തിൽ നശിച്ച കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് അന്നമനട ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വിവിധ പദ്ധതികളാണ് കാഴ്ചവെയ്ക്കുന്നത്.

<u>മൃഗസംരക്ഷണവും, ക്ഷീരവികസനവും</u>

ഇപ്പോഴുളള വികസനം നിലനിർത്തുന്നതിനും ഈ മേഖലയുടെ തുടർന്നുളള വികസനത്തിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം കന്നുകുട്ടികളെ വളർത്തിയെടുക്കുന്നതിനുള്ള ചെലവ് ചുരുക്കുന്നതിന് കന്നുകുട്ടി പരിപാലനപദ്ധതി, പാലുല്പാദനത്തിന്റെ ഉയർച്ചയ്ക്കായി പാലിന് സബ്സിഡി എന്നീ പദ്ധതികൾ ഉൾപ്പെടുത്തി മൃഗസംരക്ഷണമേഖലയെ സംരക്ഷിച്ചുപോരുന്നു. കർഷിക മേഖല കഴിഞ്ഞാൽ അന്നമനട പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മുഖ്യതൊഴിലായും ഉപതൊഴിലായും ആശ്രയിക്കുന്നത് മൃഗസംരക്ഷണമേഖലയാണ്. ഇപ്പോഴുളള വികസനം നിലനിർത്തുന്നതിനും ഈ മേഖലയുടെ തുടർന്നുളള വികസനത്തിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. കന്നുകുട്ടികളെ വളർത്തിയെടുക്കുന്നതിനുള്ള ചെലവ് ചുരുക്കുന്നതിന് കന്നുകുട്ടി പരിപാലന പദ്ധതി, ആടുവളർത്തൽ പദ്ധതി, കോഴി വളർത്തൽ പദ്ധതി, കന്നുകാലി ആരോഗ്യ സംരക്ഷണം, കാലിതൊഴുത്ത് മെയിന്റനൻസ്, പുതിയ കാലിത്തൊഴുത്ത് നിർമ്മാണം എന്നിവ ഉൾപ്പെടുത്താവുന്നതാണ്.

<u>ചെറുകിട വ്യവസായം</u>

അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യം, കൂടിയ വേതനനിരക്ക്, കൂടിയ വൈദ്യുതി നിരക്ക് എന്നിവ ഈ മേഖലയിലെ പ്രശ്നങ്ങളാണ്. ഭൂരിഭാഗം പേരും കൃഷിയെ ആശ്രയിക്കുന്നതിനാൽ താഴെതട്ടിലുള്ള

ജനവിഭാഗം ഇപ്പോഴും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു. കുടുംബശ്രീവഴി സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് വിപണനമേഖലയിൽ സബ്സിഡിയോടുകൂടി ബാങ്ക് വഴി പ്രവർത്തന മൂലധനം അനുവദിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കുക. തൊഴിൽ പരിശീലനം നൽകുക. എം.എസ്.എം.ഇ. മുഖാന്തിരം അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ് ചെറുകിട വ്യവസായ മേഖല. എം.എസ്.എം.ഇ.യുടെ ആവശ്യകത ജനങ്ങൾക്ക് വ്യക്തമാക്കുന്നതിന് പൊതുബോധവത്ക്കരണ പരിപാടികളും ക്ലാസ്സുകളും പഞ്ചായത്തിന്റെ വ്യാവസായ വകുപ്പ് ഹെൽപ്പ് ഡെസ്ക് ഓഫീസർ മുഖാന്തിരം നടപ്പിലാക്കേണ്ടതാണ്. ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് ബാങ്കിൽ നിന്നും ടേം-ലോൺ, സ്റ്റാർട്ടപ്പ് ലോൺ, മറ്റ് സബ്സിഡികളും സംരംഭകർക്ക് അനുവദിക്കുന്നതിന് ബാങ്കേർസ് മീറ്റ് നടത്തി കാര്യക്ഷമമായ രീതിയിൽ മുന്നോട്ട് പോകേണ്ടതുണ്ട്.

<u>ദാരിദ്ര ലഘൂകരണം</u>

സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടും സ്ഥലവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പാട്ടകൃഷി വ്യാപകമാക്കി അന്നമനട ഗ്രാമപഞ്ചായത്ത് തരിശു രഹിതപഞ്ചായത്തായി ഉയർത്തുക. തൊഴിൽ പരിശീലനം നൽകിയവരിൽ നിന്ന് വേണ്ടത്ര തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഭവന നിർമ്മാണ പദ്ധതികൾ സാമ്പത്തിക ബുദ്ധിമുട്ട് കാരണം യഥാസമയം പൂർത്തികരിക്കുവാൻ സാധിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനായി വ്യക്തികൾക്ക് ബയോഗ്യാസ് പ്ലാന്റുകളും പൈപ്പ് കമ്പോസ്റ്റ്കളും വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ഭവനനിർമ്മാണ പദ്ധതികൾ, കന്നുകുട്ടി പരിപാലനപരിപാടികൾ തുടങ്ങിയവ കഴിഞ്ഞ പദ്ധതിക്കാലത്ത് നടപ്പിലാക്കി വിജയം കണ്ടവയാണ്. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം

കൈവരിക്കുന്നതിനായി ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ഭവനം നിർമ്മിച്ച് നൽകുന്ന പദ്ധതി ഏറ്റെടുക്കേണ്ടതാണ്.

സാമൂഹ്യക്ഷേമം

ഒരാളുപോലും വൃദ്ധസദനത്തിൽ ഇല്ലാത്ത പഞ്ചായത്താക്കി അന്നമനട പഞ്ചായത്തിനെ മാറ്റണം എന്ന് സ്വപ്ന സാക്ഷാൽക്കാരത്തിനായി പകൽവീടുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുകയും ആരോഗ്യ-മാനസിക-വിനോദ ശാക്തീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. വയോജന ഹെൽപ് ഡെസ്ക് കാര്യക്ഷമമാക്കുകയും പകൽവീടുകളെ Knowledge Resource കേന്ദ്രങ്ങളാക്കുകയും ചെയ്തുവരുന്നു. മുതിർന്ന പൌരൻമാർക്ക് എല്ലാ ദിവസവും പാലീയേറ്റീവ് പരിചരണം ഉറപ്പാക്കുകയും അർഹരായ എല്ലാ മുതിർന്ന പൌരമാർക്കും പെൻഷൻ വിതരണം മുടക്കം വരാതെ നൽകേണ്ടതുണ്ട്. മുതിർന്ന പൌരൻമാർക്ക് വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതോടൊപ്പം ഹെൽത്ത് ക്ലബ് & ഓപ്പൺ ജിം ആരംഭിക്കുന്നതിനുള്ള പ്രവർത്തികൾ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നതാണ്. നിയമപരിരക്ഷ ഉറപ്പാക്കുകയും വയോജന കായികമത്സരങ്ങൾ സംഘടിപ്പിക്കുകയും

പട്ടികജാതി വികസനം

പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും പിന്നോക്കാവസ്ഥയിൽ നിന്നും സാമൂഹ്യ സാമ്പത്തിക പുരോഗതിയ്ക്കായി നാളിതുവരെയുള്ള നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെല്ലാം പൂർണ്ണമായും ഒരു അടിത്തറ ഉണ്ടാക്കി കൊടുക്കാവാൻ സാധിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷങ്ങളിലും വീട് മെയിന്റനൻസ്, വിവാഹധന സഹായം, പഠനമുറി, ലാപ്ടോപ്പ്, സ്കോളർഷിപ്പുകൾ എന്നിവ നൽകി പട്ടികജാതി വിഭാഗത്തിന്റെയിടയിൽ ഒരു താല്കാലിക സാമ്പത്തിക ബദ്രത ഉണ്ടാക്കി പഞ്ചായത്തിന്റെ നേതൃത്വത്തിൽ നൽകുന്നുണ്ട്. പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും കുടിവെള്ള പദ്ധതികളും, റോഡ് നിർമ്മാണം ടാറിങ്ങ് & റീടാറിങ്ങ് ഉൾപ്പടെ

കാന, ഡ്രൈനേജ് നിർമ്മാണം എന്നിവ സമയബന്ധിതമായി നൽകി വരുന്നുണ്ട്. തൊഴിലില്ലായ്മയും അടിസ്ഥാനസൌകര്യങ്ങളുടെ അപര്യാപ്തതയും അനാരോഗ്യമായ ചുറ്റുപാടുകളും ഈ വിഭാഗത്തെ ഇപ്പോഴും വേട്ടയാടുന്നുണ്ട്.

വനിത ശിശു വികസനം

അന്നമനട ഗ്രാമപഞ്ചായത്തിലെ 31 അംഗൻവാടികളിൽ 29 അംഗൻവാടികൾക്ക് സ്വന്തമായിട്ട് കെട്ടിടമുണ്ട്. അതിൽ തന്നെ 4 അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളായി പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. വനിതകളുടെ ഉന്നമനത്തിനായി 10 ശതമാനം ഫണ്ട് മാറ്റി വച്ചിട്ടുണ്ട്. അംഗൻവാടി പോഷകാഹാരം, അഡോളസെന്റ് ഫീഡിങ്ങ്, ടി.എച്ച്.ആർ.എസ്. എന്നീ പ്രൊജക്ടുകൾ പദ്ധതിയിൽ നിർബന്ധമായും വകയിരുത്തി വരുന്നു. കുട്ടികൾക്കുവേണ്ടി ബാലസഭ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിപോരുന്നുണ്ട്. കുടുംബശ്രീ വഴി സ്ത്രീകളുടെ ഉന്നമനത്തിനായി വിവിധ വ്യത്യാസങ്ങളായ പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞു. ഇതുവഴി ചെറുകിട സാമ്പത്തിക വ്യവസായ യൂണിറ്റുകൾ രൂപീകരിക്കുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കി. വനിത - ശിശു പ്രധാന്യത്തിൽ ഊന്നികൊണ്ട് സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനും സുരക്ഷതത്വത്തിനും പുരോഗമനത്തിനും അടിസ്ഥാനപരമായി ഒരു അടിത്തറ ഉണ്ടാകി കൊടുക്കേണ്ടതാണ്. അങ്ങനെ സ്ത്രീകളെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എത്തിക്കാൻ സാധിക്കും.....

ആരോഗ്യം

ചാലക്കുടി പുഴയുടെ കിഴക്കേകരയിലും പടിഞ്ഞാറെ കരയിലുമായി പഞ്ചായത്തിലെ വാർഡുകൾ സ്ഥിതി ചെയ്യുന്നു. 2500 ഹെക്ടർ ഭൂവിസ്തൃതിയുള്ള തികച്ചും ഒരു കാർഷിക ഗ്രാമമാണ് അന്നമനട. പതിനെട്ടു വാർഡുകളിലായി 30158 ആളുകൾ പാർക്കുന്ന ഗ്രാമപഞ്ചായത്ത് പൊതുജനാരോഗ്യപരിരക്ഷ പ്രധാനം ചെയ്യുന്നതിന് താഴെ പറയുന്ന സേവനദാതക്കളാണ് ഉള്ളത്.

1. പ്രാഥമികാരോഗ്യ കേന്ദ്രം മാമ്പ്ര
2. എരയാംകുടി സർക്കാർ ആയൂർവ്വേദ്ദ ആശുപത്രി
3. അന്നമനട സർക്കാർ ആയൂർവ്വേദ്ദ ആശുപത്രി
4. ഹോമിയോ ഡിസ്പെൻസറി, എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി

ജൂനിയർ ഹെൽത്ത് ഇൻസ്പെകടർമാരുടെ നേതൃത്വത്തിൽ 18 വാർഡുകളിലേക്കായി 38 ആശവർക്കർമാരുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

നിലവിലുള്ള സർക്കാർ സംവിധാനങ്ങളായ പ്രാഥമികാരോഗ്യകേന്ദ്രം, ഉപകേന്ദ്രങ്ങൾ, ആയുർവ്വേദ ആശുപത്രി ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയുടെ സേവനങ്ങളുടെ ആഴവും പരപ്പും കൂട്ടാനുള്ള സംയോജനത്തിന്റെ അഭാവം ഈ മേഖലയിലെ വെല്ലുവിളികളാണ്.

<u>കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം</u>

കുടിവെള്ള ക്ഷാമം കുറയ്ക്കുന്നതിനായി ജലസേചന സംവിധാനത്തെ ഊർജിതപ്പെടുത്തിവരുന്നു. പഞ്ചായത്തിന് 12 ജലസേചന പദ്ധതികളും 16 ചെറുകിട ജലസേചന പദ്ധതികളും ഉണ്ട്. പൊതുടാപ്പുകളിൽ വരുന്ന ജലലഭ്യത വളരെ കുറവാണ്. പരിപൂർണ്ണമായി ശുചിത്വ പരിപാടികൾ നടപ്പാക്കുന്നതിന് വേണ്ടത്ര ഉപാധികൾ കണ്ടെത്താനായിട്ടില്ല. പൊതുസ്ഥലങ്ങളിലെ മാലിന്യനിക്ഷേപം വളരെ കൂടുതലാണ്. പരന്നു നിറയുന്ന പച്ചപ്പും ജലസമൃദ്ധിയുമാണ് അന്നമനട ഗ്രാമത്തിന്റെ മുഖമുദ്രകളായി കരുതപ്പെടുന്നത്. പഞ്ചായത്തിലെ 80 ശതമാനം ജനങ്ങളും സ്വന്തം കിണറിനെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലും താഴ്ന്നപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവിക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ അധീനതയിൽ ജലനിധി പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. ആരോഗ്യമേഖലയിലെയും സാംസ്കാരിക മേഖലയിലെയും മറ്റു സന്നദ്ധപ്രവർത്തകരെയും

കൂടിയിണക്കി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ശുചിത്വ പ്രവർത്തനങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ട്. ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയിൽ സ്കൂൾ അടക്കമുള്ള പ്രാദേശിക സമൂഹത്തിന്റെ ഇടപെടൽ ശക്തമാക്കണം. പൊതുമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലവും സൌകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

<u>വിദ്യാഭ്യാസം, കല, സംസ്കാരം, സ്പോർട്സ്</u>

അന്നമനട പഞ്ചായത്ത് ഒരു കാർഷികാധിഷ്ഠിത പ്രദേശമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയും കൃഷിയോടനുബന്ധിച്ച തൊഴിലിലും ഏർപ്പെട്ടുജീവിക്കുന്നു. സ്ഥലവാസികൾക്ക് അനായാസേന ഉച്ചരിക്കാൻ കഴിയുന്നതും അന്യദേശക്കാർക്ക് ഉച്ചരിക്കാൻ ഏറെ വൈഷമ്യം അനുഭവപ്പെടുന്നതുമായ അന്നമനട എന്ന താളാത്മകമായ സ്ഥലനാമത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ല. ക്ഷേത്രത്തിന്റെ രൂപകല്പനയും പത്ത് ദിവസങ്ങൾ നീളുന്ന ഉത്സവാഘോഷപരിപാടികളും കൊച്ചിരാജഭരണത്തിനു മുമ്പ് തുടങ്ങിയതാണ്. അന്നമനട എന്നു കേൾക്കുമ്പോൾ ആരുടേയും മനസ്സിൽ ആദ്യം ഓടിയെത്തുന്നത് അന്നമനട മഹാദേവക്ഷേത്രവും, പഞ്ചവാദ്യകലയുമാണ്. പൌരന്മാർക്കുവേണ്ടിയുള്ള ക്ഷേമത്തിന് പ്രഥമ പരിഗണന നല്കുന്നതാണ് പഞ്ചായത്തിന്റെ വികസന ഗാഥയുടെ മുഖമുദ്ര. ജനങ്ങൾക്കുവേണ്ടിയുള്ള സമർപ്പിത പ്രവർത്തനങ്ങൾ തുടരുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, കല, സംസ്കാരം, സ്പോർട്സ് എന്നീ മേഖലകളിൽ നിരവധി പഞ്ചായത്ത് ചെയ്തുവരുന്നത്. 6 പൊതുജന വായനശാലകളും ഒരു പഞ്ചായത്ത് ലൈബ്രറിയും അടങ്ങുന്ന വിപുലമായ വിജ്ഞാനശ്രോതസ്സുകളും 12 ക്ലബുകളും പഞ്ചായത്തിലെ കലാസംസ്കാരിക മേഖല സജീവമാക്കുന്നു.

## പൊതുമരാമത്ത്

അന്നമനട ഗ്രാമപഞ്ചായത്തിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഗതാഗതയോഗ്യമാക്കുകയും പുതിയ റോഡുകൾ രൂപം നൽകുകയും കാൽനട റോഡുകളുടെ വീതി കൂട്ടി ഗതാഗത സൌകര്യം മെച്ചപ്പെടുത്തിയും അതിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിച്ചു. പരിമിതമായ നിളത്തിൽ ഉണ്ടായിരുന്ന ടാറിംഗ് റോഡുകളുടെ നിളം വർദ്ധിപ്പിക്കുകയും നിലവാരമുള്ള “Concrete Interlock” റോഡുകളുടെ നിർമ്മാണം നടത്തുകയും പുതുയ മണ്ണ് റോഡുകൾ രൂപപ്പെടുത്തുകയും ചെയ്തു. യാത്ര സൌകര്യങ്ങൾ മെച്ചപ്പെട്ടതിന്റെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, വാണിജ്യം എന്നീ മേഖലകളിൽ വികസനം മെച്ചപ്പെടുത്തുന്നതിനായി പുഴയ്ക്ക് കുറുകെ പാലം നിർമ്മിച്ച് രണ്ട് തുരുത്തുകളെ തമ്മിൽ യോജിപ്പിക്കുകയും ഡിസ്പെൻസറികൾ (മാമ്പ്ര, കുമ്പിടി വെറ്റിനെറി ഹോസ്പിറ്റൽ) ആയൂർവ്വേദ ഹോസ്പിറ്റൽ, ബസ് സ്റ്റാന്റ്, ബസ് സ്റ്റാന്റ് കോംപ്ലക്സ്, മാർക്കറ്റ്, പൊതുശൌചാലയങ്ങൾ കൂടുതൽ അംഗൻവാടികൾ, നിലവാരമുള്ള സ്കൂൾ കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് സാധിച്ചു. പഞ്ചായത്തിലെ വിവിധ കുളങ്ങൾ കെട്ടി സംരക്ഷിച്ച് ആയത് ജലസ്രോതസുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചു. പാണ്ടിക്കാരൻ കുളം, പുറക്കുളം, പ്ലാക്കത്തറകുളം, പുൽപാൻകുളം, നങ്ങ്യാരുകുളം, അമുങ്ങാട് കുളം, പാരിക്കാപ്പിള്ളി കുളം, പുത്തൻകുളം, എരയാംകുടി തുറ, വെണ്ണൂത്തുറ ചിറയാംപാൽ തുടങ്ങിയവ നവീകരിക്കാൻ സാധിച്ചു. പഞ്ചായത്തിലെ നീർച്ചാലുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായ് തോടുകൾ വൃത്തിയാക്കി കെട്ടി സംരക്ഷിച്ച് അതുവഴി ജലസേചനം നടത്തി കാർഷിക മേഖലയെ മെച്ചപ്പെടുത്തുകയുണ്ടായി. പഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിനും മാനവിക ക്ഷേമത്തിനും ഊർജ്ജം നിർണായക പങ്ക് വഹിക്കുന്നുതോടൊപ്പം പ്രദേശത്തിന്റെ സാമ്പത്തിക വികസനത്തിൽ ഗതാഗതത്തിന് ഗണ്യമായ സ്ഥാനം നൽകികൊണ്ടാണ് പഞ്ചായത്ത് മുന്നോട്ട് പോകുന്നത്. എന്നിരുന്നാലും സ്ഥിതിഗതികൾ മെച്ചപ്പെടുത്തി മാതൃകപരമായി നിലവാരം ഉയർത്തേണ്ടതുണ്ട്. എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കുവാൻ

ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. പ്രധാന റോഡുകളിലെല്ലാം തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അന്നമനട സെന്ററിലെ ഷോപ്പിംഗ് കോംപ്ലെസിൽ ട്രഷറിയുടെ പ്രവർത്തനം പുനരാരംഭിക്കുകയും ബസ്സ് സ്റ്റാന്റിലെ ഷോപ്പിംഗ് കോപ്ലെസിൽ പുതിയ ഡിജിറ്റൽ ലൈബ്രറിയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഡിജിറ്റൽ ലൈബ്രറിയുടെ നിർമ്മാണം അവസാന ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. എക്കാട്ടിത്തോട്, വൻതോട്, മാമ്പ്രാപിള്ളിതോട്, കല്ലുപാലം തോട് എന്നിവ കെട്ടി സംരക്ഷിച്ചിട്ടുള്ളതാണ്. പഞ്ചായത്തിൽ നിലവിലുള്ള പലറോഡുകളും തകർന്ന് സഞ്ചാരയോഗ്യമല്ലാത്തായിരിക്കുന്നതിനാൽ അടിയന്ത്രിതമായി അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. ഉപയോഗിക്കാത്ത വൈദ്യുതിക്കും തുക നൽക്കുന്ന സംവിധാനം ഒഴിവാക്കുന്നതിന് തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. തെരുവു വിളക്കുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്തണം. എല്ലാ തെരുവ് വിളക്കുകളും സി.എഫ്.എൽ. ലൈറ്റുകളാക്കി മാറ്റേണ്ടതുണ്ട്.

## അദ്ധ്യായം - 4

## വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

അതിജീവനത്തിന്റെ പരിപൂർണ്ണ പച്ചപ്പിലേക്ക് അന്നമനട: പ്രളയം തകർത്ത കാർഷിക മേഖലയ്ക്ക് അതിജീവനം പകർന്ന് പാടശേഖരങ്ങൾ പച്ചപ്പിലേക്ക്. നെൽകൃഷിക്കുപുറമെ വൻനാശം വിതച്ച ജാതി, വാഴ, കപ്പ, പച്ചക്കറിക്കൃഷികൾക്ക് തുടക്കമിട്ടാണ് കാർഷികമേഖല വീണ്ടും സജീവമാകുന്നത്. ചാലക്കുടിപ്പുഴയോട് ചേർന്നുകിടക്കുന്ന അന്നമനട പഞ്ചായത്തിലാണ് പ്രളയത്തെ തുടർന്ന് വൻതോതിൽ കാർഷികത്തകർച്ചയുണ്ടായത്. നെൽക്കതിർ പുരസ്കാരം നേടിയ വെസ്റ്റ് കൊരട്ടി കൂട്ടുകൃഷിസംഘം പാടശേഖരങ്ങളിൽ സജീവമായിക്കഴിഞ്ഞു. 25 ഏക്കറിലധികം പാടശേഖരത്തിലാണ് ഞാറ് നട്ടിരിക്കുന്നത്. 130 ദിവസം കൊണ്ട് വിളവാകുന്ന ശ്രേയസ് ആണ് ആദ്യഘട്ടത്തിൽ നട്ടിരിക്കുന്നത്. സംഘത്തിനുപുറമെ മിക്കവാറും കർഷകരും വെസ്റ്റ് കൊരട്ടി മേഖലയിൽ കൃഷിയിടത്തിലെത്തിക്കഴിഞ്ഞു. നെൽവിത്ത് ലഭിക്കുന്ന മുറയ്ക്ക് അടൂർപാടം, വെണ്ണിപ്പാടം, കുമ്പിടി, പൊൻമണി, എരായംകുടി, കാച്ചാണിപ്പാടം, എടയാറ്റൂർ, അഞ്ചാവാർഡ് പാടശേഖരം എന്നിവയും സജീവമാക്കി കാർഷിക മേഖലയെ ദ്രുതഗതിയിൽ പൂർവ്വാധികം ശക്തിയോടെ പുനഃസംരക്ഷിച്ചുവരുന്നു. ജാതികൃഷി വീണ്ടെടുക്കാൻ പദ്ധതികളുമായി കൃഷിവകുപ്പും വലിയതോതിൽ കർഷകരുടെ നടുവൊടിച്ച ജാതി, എത്തവാഴ കൃഷികളെ വിണ്ടെടുക്കാനായി വിവിധ പദ്ധതികളുമായി കൃഷിവകുപ്പും പഞ്ചായത്തും മുന്നിലുണ്ട്. പ്രളയാനന്തരം തയ്യാറാക്കിയ പഞ്ചായത്ത് വാർഷിക പദ്ധതിയിലും നാളിതുവരെയുള്ള വാർഷിക പദ്ധതികളിലും വലിയ മുൻഗണനയാണ് ജാതികൃഷിക്ക് നൽകി പോന്നിട്ടുള്ളതെന്ന് കൃഷി ഓഫീസർ സൂചിപ്പിച്ചിട്ടുള്ളതാണ്. ജാതികൃഷി വീണ്ടെടുക്കുന്നതിനായി അന്നമനട ഫാർമേഴ്സ് ക്ലബ്ബ് വിവിധ പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. എല്ലാ വാർഷിക പദ്ധതികളിലും ജാതികർഷകർക്ക് സഹായം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കുടുംബി കോളനിപരിസരത്തെ

പാടശേഖരത്തെ പച്ചക്കറി കൃഷിക്കൊപ്പം കപ്പകൃഷിക്കുമുള്ള നിലമൊരുക്കൽ നടന്നുകഴിഞ്ഞു. തരിശ് ഭൂമിയായി കിടന്നിരുന്ന വാളൂർപ്പാടത്ത് കൂടുതൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയും വരും നാളുകളിൽ കൂടുതൽ സ്ഥലങ്ങളിൽ കൃഷി ചെയ്ത് **"അന്നമനട റൈസ്"** എന്ന സ്വപ്ന പദ്ധതിയുടെ തുടക്കം കുറിച്ചിട്ടുള്ളതാണ്. ജലസേചനസൗകര്യം വീണ്ടെടുക്കും. അതേസമയം അന്നമനട മേഖലയിലെ ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക സന്നദ്ധ സഹായ സംഘടനകളുടെ സഹായത്തോടെ അനുവദിച്ചതായി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.വി.വിനോദ് അറിയിച്ചിട്ടുണ്ട്.

## <u>അദ്ധ്യായം - 5</u>

## <u>വിഭവസ്രോതസ്സുകളും വകയിരുത്തലുകളും</u>

| ക്രമ നമ്പർ | വിഭവ സ്രോതുകൾ | | | തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് (i) | പൊതു വിഭാഗം | | 19304800 |
| | (ii) | പട്ടികജാതി ഉപപദ്ധതി | | 6520000 |
| | (iii) | പട്ടികവർഗ ഉപപദ്ധതി | | 0 |
| | (iv) | പതിനാലാം ധനകാര്യ കമ്മീഷൻ അടിസ്ഥാന വിഹിതം | ടൈഡ് | 4805000 |
| | | | അൺടൈഡ് | 3203000 |
| 2 | | ആകെ | | **33832800** |
| 5 | മെയിന്റനൻസ് ഫണ്ട് (i) | റോഡ് ഇതരം | | 12440000 |
| | (ii) | റോഡ് | | 23400000 |
| | | ആകെ | | **35840000** |
| | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാന്റ് | | | 0 |
| | പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയ ഗ്രാന്റ് | | | 0 |
| 6 | തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പെടെ) | | | 5407000 |
| 7 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | | 14000000 |
| 8 | കേന്ദ്രാവിഷ്കൃത പദ്ധതി | | | 1600000 |

| | | | |
|---|---|---|---|
| | വിഹിതം | | |
| 9 | വായ്പ - മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | 0 |
| 9 | വായ്പ - മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | 14000000 |
| 10 | ഗുണഭോക്തൃ വിഹിതം - പഞ്ചായത്തിൽ അടക്കുന്നത് | | 307125 |
| 11 | ഗുണഭോക്തൃ വിഹിതം - ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | 1100000 |
| 12 | സന്നദ്ധ സേവനം | | 0 |
| 13 | സംഭാവന | | 0 |
| 14 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | 0 |
| | | ബ്ലോക്ക്പഞ്ചായത്തുകളിൽ നിന്ന് | 14425000 |
| | | ജില്ലാ പഞ്ചായത്തുകളിൽ നിന്ന് | 13700000 |
| | | മുനിസിപ്പാലിറ്റികളിൽ നിന്ന് | 0 |
| | | കോർപ്പറേഷനിൽ നിന്ന് | 0 |
| | | നഗരസഞ്ചയ ഗ്രാന്റിൽ നിന്നുള്ള വിഹിതം | 0 |
| | | ആകെ | **28125000** |
| 15 | മറ്റുള്ളവ | | 0 |
| 16 | ആകെ മൊത്തം | | **134211925** |

## അദ്ധ്യായം - 6

## 2025-26 വാർഷിക പദ്ധതി

## പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

| Pro No | ProjectName | Plan Gen | SCP | TFC | CSS | SSS | Own Fund | BP | DP | Non-Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2025-26 പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 2 | 2025-26 കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാമഗ്രികളുടെയും എ എം സി | 125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 |
| 3 | ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം | 0 | 0 | 0 | 0 | 0 | 372000 | 0 | 0 | 0 | 0 | 0 | 372000 |
| 4 | 2025-26 ഐ കെ എം വിഹിതം നൽകൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 5 | പഞ്ചായത്ത് ഓഫീസിലെ യു പി എസിന് എ എം സി | 0 | 0 | 0 | 0 | 0 | 30000 | 0 | 0 | 0 | 0 | 0 | 30000 |
| 6 | പ്രോജക്ട് അസിസ്റ്റന്റിന് വേതനം | 0 | 0 | 0 | 0 | 0 | 275000 | 0 | 0 | 0 | 0 | 0 | 275000 |
| 7 | അക്കൌണ്ടന്റ് കം ഐ ടി | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | എക്സപർട്ടിന് വേതനം | | | | | | | | | | | | |
| 8 | അങ്കണവാടി പോഷകാഹാര പദ്ധതി | 1000000 | 0 | 0 | 1600000 | 0 | 0 | 0 | 400000 | 0 | 0 | 0 | 3000000 |
| 9 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1100000 | 0 | 0 | 0 | 0 | 0 | 500000 | 200000 | 0 | 0 | 0 | 1800000 |
| 10 | മാമ്പ്ര എഫ് എച്ച് സി ലേക്ക് ഡോക്ടർ ഫാർമസിസ്ററ് വേതനം | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 1000000 |
| 11 | പെയിൻ ആൻറ് പാലിയേറ്റീവ് കെയർ | 1100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1100000 |
| 12 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 13 | മാമ്പ്ര എഫ് എച്ച് സി യിലേക്ക് മരുന്നുകളും കൺസ്യൂമബിൾസും വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 1500000 |
| 14 | മാമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിലെയും ഉപകേന്ദ്രങ്ങളുടെയും കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 15 | എഫ് എച്ച് സി മാമ്പ്രയിലെ ഫാർമസി എയർ കണ്ടിഷൻ ചെയ്യൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 16 | പാലിന് സബ്സിഡി | 450000 | 0 | 0 | 0 | 0 | 0 | 350000 | 450000 | 0 | 0 | 0 | 1250000 |
| 17 | അതിദരിദ്രർക്ക് ചികിത്സ സഹായം ലഭ്യമാക്കൽ മരുന്ന് വിതരണം | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 50000 |
| 18 | 2025-26 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് | 0 | 0 | 0 | 0 | 0 | 450000 | 0 | 0 | 0 | 0 | 0 | 450000 |
| 19 | 2025-26 തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 21 | ഭവനം വസയോഗ്യമാക്കൽ ജനറൽ | 0 | 0 | 1800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1800000 |
| 22 | ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് വാഹന വാടക | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 24 | 2025-26 ഭിന്നശേഷി കലോത്സവം | 60000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 60000 |
| 25 | 2025-26 ജാഗ്രത സമിതി പ്രവർത്തനങ്ങൾ | 280000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 280000 |
| 26 | 2025-26 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 27 | 2025-26 വയോജനങ്ങൾക്ക് സഹായ ഉപകരണം | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 29 | 2025-26 ഐ സി ഡി എസ് സൂപ്പർവൈസറുടെ കണ്ടിജൻസി ചിലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 | 0 | 0 | 75000 |
| 30 | 2025-26 അങ്കണവാടി സ്മാർട്ടാക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 35 | 2025-26 ലൈഫ് പദ്ധതി | 4600000 | 0 | 900000 | 0 | 10000000 | 0 | 9500000 | 9000000 | 0 | 0 | 10000000 | 44000000 |
| 36 | 2025-26 ഭവന പുനരുദ്ധാരണം എസ് സി | 0 | 1875000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1875000 |
| 37 | 2025-26 ലൈഫ് പദ്ധതി എസ് സി | 0 | 2300000 | 0 | 0 | 4000000 | 0 | 3625000 | 3200000 | 0 | 0 | 4000000 | 17125000 |
| 41 | 2025-26 പിഎംഎവൈക്കു വിഹിതം നൽകൽ | 0 | 0 | 503000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 503000 |
| 46 | 2025-26 ടോയിലറ്റ് മെയിന്റനൻസ് ജനറൽ | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 47 | 2025-26 അതിദാരിദ്രർ ആശ്രയ വിഭാഗത്തിലുള്ള കുടുംബങ്ങളെ യൂസർഫീയിൽ നിന്നും | 0 | 0 | 0 | 0 | 0 | 80000 | 0 | 0 | 0 | 0 | 0 | 80000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഒഴിവാക്കുന്നതിനായി തുക നൽകൽ | | | | | | | | | | | | |
| 48 | 2025-26 ലെഗസി വേസ്റ്റ് കൈമാറൽ | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 50 | 2025-26 ഹരിത കർമ്മ സേന തുടർ പ്രവർത്തനങ്ങൾ | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 56 | 2025-26 സമഗ്ര നെൽകൃഷി വികസനം | 3000000 | 0 | 0 | 0 | 0 | 0 | 450000 | 450000 | 0 | 0 | 907125 | 4807125 |
| 58 | 2025-26 കൃഷി ഓഫീസ് - കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 59 | 2025-26 വാഴകൃഷി | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 60 | 2025-26 ജാതികർഷകർക്ക് സഹായം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 | 625000 |
| 63 | 2025-26 വിളപരിപാലന കേന്ദ്രം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 64 | 2025-26 കുടുംബശ്രീക്ക് പച്ചക്കറി തൈ വിതരണം | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 333600 | 1333600 |
| 66 | 2025-26 മൃഗാശുപത്രികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ക്ക് മരുന്ന് വാങ്ങൽ | | | | | | | | | | | | |
| 67 | 2025-26 അടുക്കളമുറ്റത്തെ കോഴിവളർത്തൽ | 496800 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 41400 | 538200 |
| 68 | 2025-26 സീനിയർ വെറ്റിനറി സർജൻ - കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 71 | 2025-26 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 | 0 | 0 | 2000000 |
| 72 | 2025-26 എരയാകുടി ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 600000 |
| 73 | 2025-26 അന്നമനട ആയുർവേദ ആശുപത്രിക്ക് കണ്ടിജൻസി ചിലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 74 | 2025-26 എരയാംകുടി ആയുർവേദ ഡിസ്പെൻസറിക്ക് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ | | | | | | | | | | | | |
| 76 | 2025-26 പൂവ്വത്തുശ്ശേരി ഗവ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 77 | 2025-26 അന്നമനട എൻ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 78 | 2025-26 ഹോമിയോ ആശുപത്രി - കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 15000 | 0 | 0 | 15000 |
| 79 | 2025-26 എസ് എസ് എ വിഹിതം നൽകൽ | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 80 | 2025-26 ബീഹേവിയർ തെറാപ്പിസ്റ്റിന് വേതനം | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 0 | 0 | 0 | 250000 |
| 81 | 2025-26 ബാലസൌഹൃദ പഞ്ചായത്ത് മിവകവിന്റെ | 355000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 355000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്രം | | | | | | | | | | | | |
| 82 | 2025-26 ബാലസൌഹൃദ പഞ്ചായത്ത് - വിജയഭേരി പദ്ധതി | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 83 | 2025-26 ബാലസൌഹൃദ പഞ്ചായത്ത് - സ്പോർട്സ് അക്കാദമി | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 84 | 2025-26 കുട്ടികൾക്ക് കായിക പരിശീലനം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 85 | 2025-26 കേരളോത്സവം | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 0 | 150000 |
| 86 | 2025-26 ഹെഡ് മാസ്റ്റർ - കണ്ടിജൻസി ചിലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 87 | 2025-26 സമേതം - സമഗ്ര വിദ്യാഭ്യാസ പരിപാടി | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 88 | 2025-26 എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 0 | 260000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 260000 |
| 89 | 2025-26 മുത്തിത്തറ റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 750000 | 0 | 750000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | പൂർത്തീകരണം വാർഡ് 1 | | | | | | | | | | | | |
| 90 | 2025-26 എഎൽആർ റോഡ് പുനരുദ്ധാരണം വാർഡ് 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 550000 | 0 | 550000 |
| 91 | 2025-26 വെണ്ണൂർ ഹെൽത്ത് സെന്റർ റോഡ് പുനരുദ്ധാരണം പൂർത്തീകരണം വാർഡ് 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 92 | 2025-26 മേലഡൂർ തെക്കേക്കര റോഡ് പുനരുദ്ധാരണം പൂർത്തീകരണം വാർഡ് 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |
| 93 | 2025-26 സോമിൽ കുട്ടാടം റോഡ് പുനരുദ്ധാരണം വാർഡ് 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 94 | 2025-26 പികെ ആനന്ദൻ റോഡ് പുനരുദ്ധാരണം വാർഡ് 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 650000 | 0 | 650000 |
| 95 | 2024-25 കുറ്റിച്ചിറ ബണ്ട് റോഡ് പുനരുദ്ധാരണം വാർഡ് 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 96 | 2025-26 വാളൂർ എൻഎസ്എസ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | റോഡ് പുനരുദ്ധാരണം വാർഡ് 6 | | | | | | | | | | | | |
| 97 | 2025-26 മാമ്പ്ര ചെട്ടികുന്ന് നടവരമ്പ് റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 1000000 |
| 98 | 2025-26 മാമ്പ്രകടവ് റോഡ് പുനരുദ്ധാരണം വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 1000000 |
| 99 | 2025-26 ആശ്രമം കടവ് ബ്രാഞ്ച് റോഡ് പുനരുദ്ധാരണം വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 50000 |
| 100 | 2025-26 ലക്ഷംവീട് കോളനി റോഡ് പുനരുദ്ധാരണം വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 101 | 2025-26 വെണ്ണൂർപാടം കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം വാർഡ് 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 102 | 2025-26 അതിരക്കാട് ആര്യപറമ്പ് റോഡ് പുനരുദ്ധാരണം വാർഡ് 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 103 | 2025-26 ചക്കാലക്കൽ റോഡ് പുനരുദ്ധാരണം വാർഡ് 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 104 | 2025-26 കരിക്കട്ടക്കുന്ന് റോഡ് പുനരുദ്ധാരണം വാർഡ് 9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |
| 105 | 2025-26 സൊസൈറ്റിപടി ചെട്ടികുന്ന് ലിങ്ക് റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടം വാർഡ് 9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 106 | 2025-26 വരാപ്പുറം റോഡ് പുനരുദ്ധാരണം വാർഡ് 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 107 | 2025-26 ഈർച്ചത്തറ റോഡ് പുനരുദ്ധാരണം വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 700000 | 0 | 700000 |
| 108 | 2025-26 സെന്റ് ജോസഫ് റോഡ് പ്ലാക്കത്തറ പുനരുദ്ധാരണം വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 109 | 2025-26 അത്തിമറ്റം റോഡ് പുനരുദ്ധാരണം-പൂർത്തീകരണം വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 110 | 2025-26 പൂവ്വത്തുശ്ശേരി എൽഐ കനാൽ റോഡ് പുനരുദ്ധാരണം പൂർത്തീകരണം വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 111 | 2025-26 ജിഎൽപിഎസ് മേലഡൂർ മെയിന്റനൻസ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 112 | 2025-26 അസിസ്റ്റന്റ് എഞ്ചീനീയർക്ക് കണ്ടിജൻസി ചിലവുകൾക്ക് തുക അനുവദിക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 113 | 2025-26 അങ്കണവാടി അറ്റകുറ്റപണികൾ | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 850000 |
| 114 | 2025-26 വനിത ഫിറ്റ്നസ് സെന്ററിന് സൌകര്യമൊരുക്കൽ | 370000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 370000 |
| 115 | 2025-26 ഘടകസ്ഥാപനങ്ങൾ | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വയോജന സൌഹൃദമാക്കൽ | | | | | | | | | | | | |
| 116 | 2025-26 പഞ്ചായത്ത് ഓഫീസ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 117 | 2025-26 ജിയുപിഎസ് മെയിന്റനൻസ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 | 0 | 0 | 2000000 |
| 118 | 2025-26 ഐസിഡിപി സെന്റർ മതില് മെയിന്റനൻസ് | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 119 | 2025-26 തോപ്പിൽ കടവ് റോഡ് പുനരുദ്ധാരണം വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 120 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 121 | 2025-26 കണ്ണമ്പുഴ പാറപുറം ലിങ്ക് റോഡ് പുനരുദ്ധാരണം വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 122 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 0 | 560000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 560000 |
| 123 | 2025-26 പാലിശ്ശേരി കുമ്പിടി ചർച്ച് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | പുനരുദ്ധാരണം വാർഡ് 14 | | | | | | | | | | | | |
| 124 | മിശ്ര വിവാഹിതർക്ക് ധനസഹായം | 0 | 525000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 525000 |
| 125 | 2025-26 പൈനാട്ടുകര മാവേലിക്കഴ റോഡ് പുനരുദ്ധാരണം വാർഡ് 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 126 | 2025-26 പരിപ്പൻ തോട് ബണ്ട് റോഡ് പുനരുദ്ധാരണം വാർഡ് 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 127 | 2025-26 മണ്ണാംതുരുത്ത് റോഡ് പുനരുദ്ധാരണം വാർഡ് 16 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 450000 | 0 | 450000 |
| 128 | 2025-26 കുമ്പിടി റൌണ്ട് എൽഎഫ് സ്കൂൾ റോഡ് പുനരുദ്ധാരണം വാർഡ് 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 129 | 2025-26 അൻസാർ റോഡ് പുനരുദ്ധാരണം വാർഡ് 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1300000 | 0 | 1300000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 130 | 2025-26 മാർക്കറ്റ് റോഡിൽ സുരക്ഷാ കൈവരി സ്ഥാപിക്കൽ വാർഡ് 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 150000 |
| 131 | 2025-26 സെയ്ഫുദ്ദീൻ സ്മാരക റോഡ് പുനരുദ്ധാരണം വാർഡ് 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 132 | 2025-26 അരീക്കതോട് സംരക്ഷണപ്രവൃത്തികൾ | 0 | 0 | 402500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 402500 |
| 133 | 2025-26 മാപ്രാമ്പിള്ളി തോട് സംരക്ഷണ പ്രവൃത്തികൾ | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 134 | 2025-26 വാളൂർ തോട് സംരക്ഷണ പ്രവൃത്തികൾ | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 135 | 2025-26 അമ്പലനട കിഴക്കേട റോഡ് കാന നിർമ്മാണം | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 136 | 2025-26 എംസിഎഫ് വിപുലീകരണം | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 137 | അങ്കണവാടികൾക്ക് അടുക്കള ഉപകരണങ്ങൾ ഫർണിച്ചർ വാങ്ങൽ | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 800000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 138 | 2025-26 സെയ്ഫുദ്ദീൻ സ്മാരക റോഡ് കാന സംരക്ഷണം | 0 | 0 | 402500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 402500 |
| 140 | 2025-26 മേലഡൂർ എൽപി സ്കൂൾ സെന്റ് സെബാസ്റ്റ്യൻ റോഡ് പുനരുദ്ധാരണം വാർഡ് 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 141 | 2025-26 സ്നേഹഗരി മലയാംകുന്ന് റോഡ് പുനരുദ്ധാരണം വാർഡ് 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 142 | 2025-26 മാടയത്ത് വറീത് മെമ്മോറിയൽ റോഡ് പുനരുദ്ധാരണം വാർഡ് 8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1300000 | 0 | 1300000 |
| 144 | 2025-26 കളരി റോഡ് പുനരുദ്ധാരണം വാർഡ് 17 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 150000 |
| 145 | 2025-26 ഗർഭിണികൾക്ക് പ്രത്യേക ആരോഗ്യ പദ്ധതി ആയുർവേദ ആശുപത്രി | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 146 | 2025-26 രാജീവ് ഗാന്ധി ബ്രാഞ്ച് റോഡ് പുനരുദ്ധാരണം റീച്ച് 2 വാർഡ് 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 147 | 2025-26 പീടികകുന്ന് മൂലാട്ടുകുന്ന് റോഡ് പുനരുദ്ധാരണം പൂർത്തീകരണം വാർഡ് 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 150 | വനിതകൾക്ക് യോഗ പരിശീലനം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 151 | കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനയുള്ള വിവിധ പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 50000 |
| 152 | 2025-26 പള്ളിക്കാവ് റോഡ് പുനരുദ്ധാരണം വാർഡ് 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 153 | 2025-26 വെണ്ണൂർ തുറ ഇറിഗേഷൻ റോഡ് പുനരുദ്ധാരണം വാർഡ് 2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 650000 | 0 | 650000 |
| 154 | 2025-26 ഇന്റസ് ഡയറി ഫാം റോഡ് പുനരുദ്ധാരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 650000 | 0 | 650000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വാർഡ് 2 | | | | | | | | | | | | |
| 155 | 2025-26 മൃഗാശുപത്രി ചെട്ടികുന്ന് റോഡ് പുനരുദ്ധാരണം വാർഡ് 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 156 | 2025-26 വനിതകൾക്ക് സ്വയം തൊഴിൽ | 270000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 270000 |
| 157 | 2025-26 മലയാംകുന്ന് ശ്മശാനം റൌണ്ട് റോഡ് പുനരുദ്ധാരണം വാർഡ് 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 158 | 2025-26 എംഐഎൽ മേലഡൂർ മലയാംകുന്ന് ചാരുപടി റോഡ് പുനരുദ്ധാരണം വാർഡ് 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 159 | 2025-26 അന്നമനട ഗ്രാമപഞ്ചായത്തിൽ മൊബൈൽ ക്രിമിറ്റോറിയം വാങ്ങൽ | 0 | 0 | 0 | 0 | 0 | 2000000 | 0 | 0 | 0 | 0 | 0 | 2000000 |
| 160 | 2025-26 ബാലസഭ | 18000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 18000 |
| 161 | 2025-26 അഗതി രഹിത കേരളം പദ്ധതി | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 162 | 2025-26 കല്ലൂർ ചന്ത കനാൽ കാണാതൂക്ക് റോഡ് പുനരുദ്ധാരണം വാർഡ് 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 250000 |
| 163 | 2025-26 51-ാം നമ്പർ അംഗനവാടിയിലേക്ക് വൈദ്യുതി കണക്ഷനായി പോസ്റ്റ് ഇട്ട് ലൈൻ വലിക്കൽ - കെഎസ്ഇബിക്ക് തുക അടവാക്കൽ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 164 | 2025-26 ഹെൽത്ത് സെന്റർ റോഡ് പുനരുദ്ധാരണം വാർഡ് 17 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 750000 | 0 | 750000 |
| 165 | 2025-26 ചങ്ങംകുളങ്ങര ക്ഷേത്രം റോഡ് പുനരുദ്ധാരണം വാർഡ് 17 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 400000 |
| 166 | 2025-26 പഞ്ചായത്തിലെ സ്കൂളുകളിൽ ലാബ് സൌകര്യം ഒരുക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 167 | 2025-26 കോപ്പി റോഡ് നിർമ്മാണം രണ്ടാം ഘട്ടം | 0 | 0 | 0 | 0 | 0 | 350000 | 0 | 0 | 0 | 0 | 0 | 350000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വാർഡ് 17 | | | | | | | | | | | | |
| 168 | 2025-26 കാലാവസ്ഥ വ്യതിയാന കർമ്മ പദ്ധതി | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 50000 |
| 169 | ശുചിപൂർണ്ണ ഘട്ടം 1-ഹരിതകർമ്മസേന ശാക്തീകരണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| | **Total** | **19304800** | **6520000** | **8008000** | | | **5407000** | **14425000** | **13700000** | **12440000** | **23400000** | | **134211925** |

# അദ്ധ്യായം - 7

## പ്രത്യേക പദ്ധതികൾ / പരിപാടികൾ

## നിർബന്ധമായും വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള വകയിരുത്തലുകൾ

| ക്രമ നമ്പർ | നിർബന്ധമായി തുക വകയിരുത്തേണ്ട വിഭാഗത്തിന്റെ/പരിപാടിയുടെ പേര് | വകയിരുത്തേണ്ട തുക | |
|---|---|---|---|
| | | ആകെ തുക | വികസന ഫണ്ട് |
| 1 | അംഗനവാടി പോഷകാഹാര വിതരണം | 3000000 | 1000000 |
| 2 | എസ്.എസ്.എ.വിഹിതം | 600000 | 600000 |
| 3 | പാലിയേറ്റീവ് കെയർ | 1100000 | 1100000 |
| 4 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും | 1800000 | 1100000 |
| 5 | അഗതിരഹിത കേരളം | 100000 | 100000 |
| 6 | ഐ.കെ.എം. വരിസംഖ്യ നൽകൽ | 100000 | 100000 |
| 7 | പാർപ്പിട മേഖല | 65303000 | 11978000 |
| 8 | വനിത ഘടകപദ്ധതി | 2353600 | 2020000 |
| 9 | കുട്ടികൾ, ഭിന്നശേഷി | 1843000 | 1243000 |
| 10 | വയോജനക്ഷേമം, പാലിയേറ്റീവ് കെയർ | 1400000 | 1400000 |
| 11 | കാൻ തൃശ്ശൂർ | 0 | 0 |

## അദ്ധ്യായം - 8

## വായ്പാ ബന്ധങ്ങൾ

സംരംഭകരായി മുന്നോട്ട് വരുന്നവർ നേരിടുന്ന വലിയ പ്രതിസന്ധിയായ മൂലധനം സംഘടിപ്പിക്കുക എന്നതിന് പരിഹാരം കണ്ടെത്തുന്നതിനായി തൃശ്ശൂർ ജില്ലാ ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ അന്നമനടയിലെ 6 ബാങ്കുകളെയും സഹകരണ സംഘങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ബാങ്കേഴസ് മീറ്റ് സംഘടിപ്പിച്ചു. സംരംഭകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ അവരെ വിവിധ ഡിപ്പാർട്ട്മെന്റ ആയി ബന്ധിപ്പിക്കാനും പഞ്ചായത്തിൽ Helpdesk ആരംഭിച്ചു. മുഴുവൻ സമയ Co-ordinator-നെ നിയമിച്ചു. എല്ലാ ആഴ്ചയിലും ബുധനാഴ്ച ദിവസം വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ Special Officer ആയി നിയമിച്ചു. അദ്ദേഹത്തിന്റെ സേവനം ആളുകൾക്ക് ലഭിച്ചു.

കാർഷിക ഗ്രാമമായ അന്നമനടയിലെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ,ബാങ്കിംഗ് സ്ഥാപനങ്ങൾ, സാങ്കേതിക സർവ്വകലാശാലകൾ, ട്രെയിനിംഗ് ഏജൻസികൾ തുടങ്ങിയവയുടെ സഹകരണത്തോടെ അവർ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏകോപിച്ചുകൊണ്ട് കൃഷി, കാർഷിക - ഭക്ഷ്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ, പാൽ ഉൽപ്പന്നങ്ങൾ, കന്നുകാലി വളർത്തൽ, മത്സ്യകൃഷി, റെഡിമെയ്ഡ് ഗാർമെൻറ്സ്, ഇലട്രിക്കൽസ് & ഇലക്ട്രോണിക്സ്, മൃഗസംരക്ഷണം, കരകൌശലം, ടൂറിസം, വിവര സാങ്കേതിക വിദ്യ, പരമ്പരാഗത മേഖലകൾ സേവനം തുടങ്ങിയ മേഖലകളിൽ സുസ്ഥിരമായ വികസനം വളർച്ച ഉറപ്പാക്കികൊണ്ട് സൂക്ഷമ ചെറുകിട വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

അന്നമനട പഞ്ചായത്തിലെ വാർഡുകളെ താഴെ പറയും പ്രകാരം 7 ക്ലസ്റ്ററുകൾ ആയി തരം തിരിച്ച് സംരംഭം തുടങ്ങാൻ തയ്യാറായവർക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തി. വിവിധ ക്ലസ്റ്റർ യോഗങ്ങളിൽ 425 പേർ പങ്കെടുത്തു.

| വാർഡുകൾ | - വാർഡുകൾ | ക്ലസ്റ്ററുകൾ |
|---|---|---|
| 1. മേലഡൂർ | - 16,17,18 | A |
| 2. വെണ്ണൂർ | - 1,2,3 | B |
| 3. കുമ്പിടി | - 14,15 | C |
| 4. പാലിശ്ശേരി | - 12,13 | D |
| 5. അന്നമനട | - 4,11 | E |
| 6. വാളൂർ | - 6,7,8, | F |
| 7. മാമ്പ്ര | - 9,10 | G |

മുകളിൽ പ്രതിബാധിച്ചിട്ടുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളെയും സാമ്പത്തിക ഏജൻസികളെയും പങ്കെടുപ്പിച്ച് ശിൽപശാല സംഘടിപ്പിച്ചു. താഴെ പറയുന്ന ഡിപ്പാർട്ട്മെന്റുകളുടെയും സാമ്പത്തിക ഏജൻസികളുടെയും സഹകരണത്തോടെ ശിൽപശാലയും ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു.

**ഡിപ്പാർട്ടുമെന്റുകൾ**

1. ജില്ലാവ്യവസായ കേന്ദ്രം
2. ഫിഷറീസ് വകുപ്പ്
3. മൃഗസംരക്ഷണ വകുപ്പ്
4. ക്ഷീര വ്യവസായ വകുപ്പ്
5. ഖാദി
6. കൃഷി വകുപ്പ്
7. വെറ്റിനറി ഡിപ്പാർട്ട്മെന്റ്
8. അഗ്രോ ബിസിനസ്സ് ഇൻക്യുബേൻ സെന്റർ
9. MSIME
10. കുടുംബശ്രീ
11. ഹാൻഡി ക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

**<u>സാമ്പത്തിക ഏജൻസി</u>**

1. പിന്നോക്ക വികസന കോർപ്പറേഷൻ
2. പട്ടികജാതി വികസന കോർപ്പറേഷൻ
3. നോർക്ക
4. ബാങ്കുകൾ
5. സഹകരണ സംഘങ്ങൾ
6. വനിത വികസന കോർപ്പറേഷൻ

അന്നമനട പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകർക്ക് തൃശ്ശൂർ ആസ്ഥാനമായ കുറ്റൂക്കാരൻ ഗ്രൂപ്പിന്റെ CSR ഫണ്ട് രാജഗിരി കോളേജ് ഔട്ടറീച്ച് നിന്നും ലഭിച്ചു. 144 സംരംഭകർക്ക് 48 ലക്ഷം രൂപ വായ്പയായി പഞ്ചായത്തിലൂടെ നമുക്ക് കൊടുക്കാൻ കഴിഞ്ഞു. അതിലൂടെ പഞ്ചായത്തിലെ 144 വനിതകൾക്ക് സംരംഭം തുടങ്ങാൻ കഴിഞ്ഞത് ഈ സമയത്തെ നേട്ടമായി കരുതുന്നു.

## അദ്ധ്യായം - 9

## സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഭാഗമായ അധികാരവികേന്ദ്രീകൃത പ്രക്രിയയിലൂടെ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിങ്ങനെ ത്രിതല പഞ്ചായത്തുകൾ നിലവിൽ വരുകയും അവർക്ക് ലഭിക്കുന്ന ലഭിക്കുന്ന പദ്ധതിവിഹിതം ഗ്രാമപഞ്ചായത്തുകൾ വഴി ചെലവഴിക്കുകയും ചെയ്യുന്നു. എന്നാൽ ഈ മൂന്ന് ഏജൻസികളും വികസനപ്രവർത്തനങ്ങൾ ഏകോപനം ഉണ്ടാകേണ്ടത് കുറ്റമറ്റ പദ്ധതി പ്രവർത്തനത്തിന് അത്യാന്താപേക്ഷിതമാണ്. ത്രിതല പഞ്ചായത്തുകൾ സംയുക്ത പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പരസ്പരധാരണയോടെ അവ നിർവ്വഹിക്കണം. ഉദാഹരണത്തിന് പഞ്ചായത്ത് ഒരു ജലസേചന പദ്ധതിക്ക് മോട്ടാറും പമ്പുസെറ്റും വാങ്ങുമ്പോൾ ജില്ലാപഞ്ചായത്തിനോ ബ്ലോക്ക് പഞ്ചായത്തിനോ അതിന്റെ ഇൻസ്റ്റലേഷൻ പ്രവർത്തികൾ നടത്താവുന്നതാണ്. പക്ഷേ ചിട്ടയായ പ്രവർത്തിയിലൂടെ മാത്രമേ ഒരു സാമ്പത്തിക വർഷത്തിൽ തന്നെ ഇതിന്റെ പ്രവർത്തനം പൂർത്തികരണം സാധ്യമാകൂ. കൂടാതെ മൂലധനം കൂടുതൽ ആവശ്യമായ പദ്ധതികൾ ഒന്നലധികം ഗ്രാമപഞ്ചായത്തുകൾ കൂടി ചേർന്ന് നടപ്പിലാക്കാവുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് ഒരു സാമ്പത്തികവർഷാരംഭത്തിൽ തന്നെ ലഭിക്കാവുന്ന ഫണ്ടുകളെ പറ്റി ധാരണ ഉണ്ടാകേണ്ടതാണ്.

കാർഷിക മേഖലയിൽ ഉല്പാദനം വർദ്ധിപ്പിച്ച് പച്ചക്കറി കൃഷിയിൽ ഉല്പാദനം വർദ്ധിപ്പിക്കുകയും സ്വയം തൊഴിൽ നൽകുന്നതിന് ബാങ്കുകളിൽ നിന്നും ധനസഹായം ലഭ്യമാക്കൽ, സ്ത്രീ ശാക്തീകരണത്തിന് സ്വയം സഹായസംഘങ്ങൾക്ക് പ്രചോദനം നൽകുക, യുവാക്കൾക്ക് തൊഴിൽ മേഖലയിൽ പരിശീലനം നൽകുക തുടങ്ങിയ പരിപാടികൾ ജില്ലാ ബ്ലോക്ക് പഞ്ചായത്ത്, കേന്ദ്രസംസ്ഥാനസർക്കാരുകൾ എന്നിവരുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ജലസേചന പദ്ധതികളും കുടിവെള്ളപദ്ധതികളും ഇറിഗേഷൻ, വാട്ടർ അതോറിറ്റി

തുടങ്ങിയ വകുപ്പുകളുമായി സംയോജിച്ച് നടപ്പിലാക്കാവുന്നതാണ്. പഞ്ചായത്തിന് വളരെയധികം ഗുണം ലഭിക്കുന്ന കന്നുകുട്ടി പരിപാലനം, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, അംഗൻവാടി ഫീഡിംഗ് തുടങ്ങിയ പദ്ധതികൾ ഈ വർഷത്തിൽ സംയുക്ത പ്രോജക്ടുകളായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് നെൽകൃഷിക്ക് കൂലിചെലവിന് സബ്സിഡി, പാലിന് സബ്സിഡി, തുടങ്ങിയ പദ്ധതികൾ സംയുക്ത പ്രൊജ്കടായി ആവിഷ്കരിച്ചിട്ടുള്ളതാണ്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തോടനുബന്ധിച്ച് പശ്ചാത്തല മേഖലയിൽ വൻനാശ നഷ്ടം ഉണ്ടായിട്ടുള്ളതാണ് റോഡുകളുടെ മെയിൻനൻസ് വർക്കുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്.

## അദ്ധ്യായം - 10

## മോണിട്ടറിംഗ് സംവിധാനങ്ങൾ

ഏതൊരു വികസന പ്രവർത്തനത്തിന്റെയും വിജയം വിഭാവനം ലക്ഷ്യത്തിലേക്ക് എത്തിചേരുന്നു വിധത്തിൽ സമയബന്ധിതമായി അത് നിർവ്വഹിച്ചു എന്ന് ഉറപ്പുവരുത്തലാണ്. കുറ്റമറ്റ പദ്ധതി നിർവ്വഹണത്തിന് കുറ്റമറ്റ മോണിറ്ററിംഗ് സംവിധാനം അനിവാര്യമാണ്. പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും വരുന്ന പാളിച്ചകൾ യഥാസമയം കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകി പദ്ധതികൾ അപാകത ഇല്ലാതെ പൂർത്തീകരിക്കാൻ പഞ്ചായത്ത് ഭരണസമിതിയെ സഹായിക്കുക എന്ന കടമയാണ് മോണിറ്ററിംഗ് സമിതിക്കുള്ളത്. ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്ന പദ്ധതികൾ മോണിറ്ററിംഗ് ചെയ്യേണ്ടത് അതാത് വർക്കിംഗ് ഗ്രൂപ്പുകളായിരിക്കണം. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. അതിനുവേണ്ട സഹായ സഹകരണങ്ങൾ പഞ്ചായത്ത് സംഘടിപ്പിച്ച് നൽകേണ്ടതാണ്. കേവലം ഫൈനൽ പേയ്മെന്റ് ലഭിക്കുന്നതിനും ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിനും വേണ്ടി തട്ടികൂട്ടുന്ന കടലാസ് എന്നതിൽ കവിഞ്ഞ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായ പ്രവർത്തനം എന്ന നിലയിലേക്ക് മോണിറ്ററിംഗ് സംവിധാനം ഉയർത്തപ്പെടണം.